# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മട്ടന്നൂർ മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.15/41/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 11/05/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
മട്ടന്നൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ)
3.ഡയറക്ടർ, നഗരകാര്യ വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4.റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം കോഴിക്കോട്

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.15/41/2022 തീയ്യതി: 11/05/2022

## കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 12-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. വിനോദ് കെ.കെ. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 13-12-2021 | 29-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-12-2021 | 29-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.വി.ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.പ്രദീപ് കുമാർ എം, ഓഡിറ്റ് ഓഫീസർ
ശ്രീ.ഷിജു എ., അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ആൽബർട്ട് ജോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി വനജ മാടത്താൻകണ്ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ശ്രീജ കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി നിഖില എ.എം., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അനിത വേണു. | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീ. സുരേശൻ. എം. | സെക്രട്ടറി | 01-04-2019 | 14-11-2019 |
| ശ്രീ. അനീഷ്. പി. എൻ | സെക്രട്ടറി | 15-11-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ. പി. രമേശ് ബാബു | പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജന സെൽ | 01-04-2019 | 31-03-2020 |
| ശ്രീ. മനോജ് കുമാർ. ആർ. | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. രാഗേഷ്. സി.ആർ. | കൃഷി ഓഫീസർ | 01-04-2019 | 06-12-2019 |
| ശ്രീ. കൃഷ്ണപ്രസാദ്. ടി. | കൃഷി ഓഫീസർ | 07-12-2019 | 31-03-2020 |
| ഡോ. സുഷമ. കെ. | മെഡിക്കൽ ഓഫീസർ CHC | 01-04-2019 | 31-03-2020 |
| ഡോ. വിദ്യോത് കുമാർ. പി .വി. | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ. ഷെർന. സി.എം. | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ. രാമ അറുമുഖം | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. ശ്രുതി. ഇ. കെ. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 17-10-2019 |
| ശ്രീമതി. ജിസ്മി അഗസ്റ്റിൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 18-10-2019 | 31-03-2020 |
| ശ്രീ. ശശിധരൻ. എൻ. പി. | ഹെഡ് മാസ്റ്റർ ജി.യു.പി.എസ് | 01-04-2019 | 31-03-2020 |
| ശ്രീ. നാരായണൻ. ഡി. | ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ് | 01-04-2019 | 02-06-2019 |
| ശ്രീ. സരസ്വതി. എം. പി. | ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ് | 03-06-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2022) | 1-1 |
| 2 | പുതുക്കിയ ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക.<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 02-01-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 05-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Jyothish Kumar (Audit Officer (HG), On 06-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2022) | 1-4 |
| 7 | പദ്ധതി അവലോകനം.<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Vanaja Madathankandi (Senior Grade Auditor, On 06-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2022) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Nikhila A.M. (Auditor, On 05-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 02-01-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-9 |
| 12 | വാർഡ് സഭ<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-10 |
| 13 | വസ്തുനികുതി പരിഷ്കരണം- മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sreeja.K (Auditor, On 29-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-11 |
| 14 | പൊളിച്ചു നീക്കിയ കെട്ടിടങ്ങൾ ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടില്ല<br>Written By: Sreeja.K (Auditor, On 29-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-12 |
| 15 | തൊഴിൽ നികുതി - അപാകങ്ങൾ<br>Written By: Sreeja.K (Auditor, On 29-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-13 |
| 16 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Sreeja.K (Auditor, On 29-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-14 |
| 17 | ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ | 1-15 |

| | | |
|---|---|---|
| | Written By: Nikhila A.M. (Auditor, On 29-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | |
| 18 | വാടക നിശ്ചയിക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Nikhila A.M. (Auditor, On 29-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-16 |
| 19 | കല്ലൂർ വ്യവസായ എസ്റ്റേറ്റിലെ വ്യവസായ സംരഭകരിൽ നിന്നും വാടക ഈടാക്കിയിട്ടില്ല<br>Written By: Nikhila A.M. (Auditor, On 29-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-17 |
| 20 | വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല<br>Written By: Nikhila A.M. (Auditor, On 29-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-18 |
| 21 | ആംബുലൻസ് നടത്തിപ്പ്-അപാകതകൾ<br>Written By: Nikhila A.M. (Auditor, On 29-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-19 |
| 22 | അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് - തുക തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Pradeep Kumar M (Audit Officer, On 03-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-20 |
| 23 | മുൻകൂറുകൾ സമയപരിധിക്കകം ക്രമീകരിക്കേണ്ടതാണ്<br>Written By: Pradeep Kumar M (Audit Officer, On 02-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-21 |
| 24 | വയോമിത്രം പദ്ധതി- കൈപ്പറ്റ് രസീതിയും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല<br>Written By: Pradeep Kumar M (Audit Officer, On 03-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-22 |
| 25 | വാഹനം വാങ്ങൽ - രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹7,85,253 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Pradeep Kumar M (Audit Officer, On 03-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 03-01-2022) | 1-23 |
| 26 | മട്ടന്നൂർ യു പി സ്കൂളിൽ പ്രഭാത ഭക്ഷണ പരിപാടി - പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ - ₹7,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 04-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-24 |
| 27 | പട്ടിക വർഗ്ഗ വിഭാഗം കിണർ റിപ്പയറിംഗ് - രേഖകൾ ലഭ്യമാക്കിയില്ല ₹ 1,02,263 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 04-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-25 |
| 28 | വനിതകൾക്കുള്ള സ്വയംതൊഴിൽ സംരംഭം-രേഖകൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Vanaja Madathankandi (Senior Grade Auditor, On 04-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 29-04-2022) | 1-26 |
| 29 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് - മരുന്നും ഉപകരണങ്ങളും മുഴുവനായി ലഭിച്ചില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 04-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-27 |
| 30 | പട്ടിക വർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ഫർണിച്ചർ, ലാപ് ടോപ്പ് ലഭ്യമാക്കൽ - ഗുണഭോക്താവിനെ മാറ്റി ലാപ് ടോപ്പ് നൽകി ₹1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 04-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-28 |

| | | |
|---|---|---|
| 31 | വയോജന പരിപാലന പദ്ധതി -മാർഗ്ഗരേഖാ വിരുദ്ധമായതിനാൽ ₹141,408 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Vanaja Madathankandi (Senior Grade Auditor, On 04-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-29 |
| 32 | അംഗൻവാടി പോഷകാഹാര വിതരണം -ക്വാട്ട് ചെയ്തതിലും കൂടുതൽ തുക അനുവദിച്ച ₹1404 യുടെ ചെലവ് അംഗീകരിക്കുന്നില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 04-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-30 |
| 33 | ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ പ്രോജക്ടുകൾ - തുടർ സാക്ഷരത - രശീത് ഹാജരാക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 04-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 29-04-2022) | 1-31 |
| 34 | തുടർ സാക്ഷരത പ്രവർത്തനം ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ₹1,92,197 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 04-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-32 |
| 35 | എസ്.എസ്.എ. വിഹിതം നൽകിയത്- ആനുവൽ വർക്ക് പ്ലാനും ബഡ്ജറ്റും അനുസരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 04-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-33 |
| 36 | കൃഷി ഓഫീസ് സൗകര്യം മെച്ചപ്പെടുത്തൽ - ലാപ് ടോപ്,ഫോട്ടോകോപ്പിയർ എന്നിവ ലഭ്യമായിട്ടില്ല ₹83353 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 05-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-34 |
| 37 | നിർവഹണ ഉദ്യോഗസ്ഥർക്കുള്ള യാത്രയയപ്പ് യോഗം - മുനിസിപ്പൽ ഫണ്ടിൽ നിന്നുള്ള ₹9000 യുടെ ചെലവ് അംഗീകരിക്കുന്നില്ല.<br>Written By: Pradeep Kumar M (Audit Officer, On 03-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | നിർവഹണ ഉദ്യോഗസ്ഥർക്കുള്ള യാത്രയയപ്പ് യോഗം - മുനിസിപ്പൽ ഫണ്ടിൽ നിന്നുള്ള ₹9000 യുടെ ചെലവ് അംഗീകരിക്കുന്നില്ല.<br>Written By: Pradeep Kumar M (Audit Officer, On 18-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 02-01-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 29-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022) | 4-4 |

| | | |
|---|---|---|
| | Last Updated By: Jyothish Kumar (Audit Officer (HG), On 02-01-2022) | |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 02-01-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 02-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 02-01-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 29-04-2022) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 02-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jyothish Kumar (Audit Officer (HG), On 06-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jyothish Kumar (Audit Officer (HG), On 02-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT AND PAYMENT STATEMENT OF MATTANUR MUNICIPALITY FOR THE PERIOD FROM 1-4-2019 TO 31-3-2020 | |
| 4 | INCOME AND EXPENDITURE STATEMENT OF MATTANUR MUNICIPALITY FOR THE PERIOD FROM 1-4-2019 TO 31-3-2020 | |
| 5 | BALANCE SHEET OF MATTANUR MUNICIPALITY AS ON 31-3-2020 | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2019-20 ലെ ബജറ്റ് നഗരസഭാ കൗൺസിലിന്റെ 26-2-2019 ലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 324610245 |
| വരവ് | 579550931 |
| ആകെ | 904161176 |
| ചെലവ് | 546929120 |
| നീക്കിയിരിപ്പ് | 357232056 |

### 1-1-1 പുതുക്കിയ ബജറ്റ്

മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2019-20 ലെ പുതുക്കിയ ബജറ്റ് താഴെപ്പറയും പ്രകാരം തയ്യാറാക്കിയിട്ടുണ്ടെങ്കിലും കൗൺസിലിന്റെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| മുന്നിരിപ്പ് | 172906177.77 |
| വരവ് | 472565984 |
| ആകെ | 645472161.77 |
| ചെലവ് | 445745187 |
| നീക്കിയിരിപ്പ് | 199726974.77 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-7-2020 | 30-7-2020 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1.ജി.ഒ പ്രൊജക്ട് പ്രകാരം പി.എം.എ.വൈ ലോൺ തിരിച്ചടവ് വന്ന ₹30,40,000 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. B-5 ഷെഡ്യൂൾ പ്രകാരമുള്ള KURDFC ലോൺ തുകയിൽ ₹30,40,000 ഉൾപ്പെടുന്നുണ്ട്.

2.B-4 ഷെഡ്യൂളിലെ തുകകളുടെ ഇനം തിരിച്ചുള്ള വിശദവിവരം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

3.അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഇനം തിരിച്ചുള്ള വിവരങ്ങളുടെ സംക്ഷിപ്തവും ആകെ തുകയും എഴുതാത്തതിനാൽ B-18 പ്രകാരമുള്ള മുൻകൂർ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

4.ചെയർമാന്റെ ദുരിതാശ്വാസ നിധി B-2 ഷെഡ്യൂൾ പ്രകാരം ₹68723 യും RP-40(b) പ്രകാരം ₹68623 യുമാണ്

5.ആസ്തി രജിസ്റ്റർ - B-11 പ്രകാരമുള്ള ആസ്തി വിവരം പരിശോധിക്കാനുള്ള രേഖകൾ സൂക്ഷിക്കാത്തതിനാൽ B-11 പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

6.വസ്തു നികുതിയുടെ ഡിമാന്റ്, കലക്ഷൻ, ബാലൻസ്, സംക്ഷിപ്തം എന്നിവ പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമായിട്ടില്ല.

7.തൊഴിൽ നികുതിയുടെ ഡിമാന്റ്, കലക്ഷൻ, ബാലൻസ്, സംക്ഷിപ്തം എന്നിവ പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമായിട്ടില്ല.

8.ഡി & ഒ ലൈസൻസ് ഫീസിന്റെ ഡിമാന്റ്, കലക്ഷൻ, ബാലൻസ്, സംക്ഷിപ്തം എന്നിവ പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമായിട്ടില്ല.

9.വാടക വരവിന്റെ ഡിമാന്റ്, കലക്ഷൻ, ബാലൻസ്, സംക്ഷിപ്തം എന്നിവ പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമായിട്ടില്ല.

10. RP-40(b) പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ താഴെപ്പറയുന്ന

അക്കൗണ്ടുകളുടെ റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ | RP-40(b) പ്രകാരം | അക്കൗണ്ട് / പാസ് ബുക്ക് പ്രകാരം |
|---|---|---|---|
| 1 | 340102090007719 - UBI | 5009328.83 | 5617324.50 |
| 2 | 57067151745 - SBI | 59754 | 0 |
| 3 | കറന്റ് അക്കൌണ്ട് - കനറ ബാങ്ക് | 73712 | പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല |
| 4 | 881- Kolari SCB | 68623 | 43523 |
| 5 | STSB – Own Fund | 4858247 | പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല |
| 6 | TPA - 214 | 171378 | 234412 |
| 7 | 19994 - AUGS | 662886 | 930353.18 |
| 8 | 340102010024941 - UBI | 556956 | 538409 |
| 9 | PMAY - Syndicate Bank | 1837960 | 7337960 |
| 10 | 50100323984523 - HDFC | 5500000 | പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| വർഷം | 2019-20 |
| മുന്നിരിപ്പ് | 71924214.51 |
| വരവ് | 209874769 |
| ആകെ | 281798983.51 |
| ചെലവ് | 229975099 |
| നീക്കിയിരിപ്പ് | 51823884.51 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | 10404 |
| തടസ്സപ്പെടുത്തിയ തുക | 2104474 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 38851318 | 38851318 | 32845309 | 6006009 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 4066000 | 4066000 | 2396707 | 1669293 |
| വികസന ഫണ്ട് - ടി.എസ്.പി | 0 | 577000 | 577000 | 415085 | 161915 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - | 0 | 72794000 | 72794000 | 15639313 | 57154687 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 63563000 | 63563000 | 50074298 | 13488702 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | 0 | 13189000 | 13189000 | 8310453 | 4878547 |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 3485539 | 5364472 | 8850011 | 8187125 | 662886 |
| സാക്ഷരത | 11736 | 404 | 12140 | 0 | 12140 |
| എൻ.യു.എൽ.എം | 335546 | 681510 | 1017056 | 952426 | 64630 |
| ഐ.എച്ച്.എസ്.ഡി.പി. 1 | 589308 | 20300 | 609608 | 0 | 609608 |
| ഐ.എച്ച്.എസ്.ഡി.പി. 2 | 1170148 | 41446 | 1211594 | 5003 | 1206591 |
| പി.എം.എ.വൈ | 24666879 | 10519552 | 35186431 | 33348471 | 1837960 |
| ശുചിത്വ മിഷൻ. 1 | 630339 | 22519 | 652858 | 66923 | 585935 |
| ശുചിത്വ മിഷൻ. 2 | 4432083 | 157781 | 4589864 | 0 | 4589864 |
| പി.എം.എ.വൈ - എച്ച്.ഡി.എഫ്.സി | 5500000 | 0 | 5500000 | 0 | 5500000 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 289 | 278158517 | 146 | 113436688 | 14 | 143 | 45.67 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 23 | 15 | 15290975 | 10582260 | 69.21 |
| 2 | പ്രൊജക്ട് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജന സെൽ | 24 | 16 | 14416782 | 3048738 | 21.15 |
| 3 | മുനിസിപ്പൽ എഞ്ചിനീയർ | 198 | 76 | 214281504 | 77048118 | 35.96 |
| 4 | കൃഷി ഓഫീസർ | 7 | 6 | 2306295 | 1456139 | 63.14 |
| 5 | മെഡിക്കൽ ഓഫീസർ CHC | 6 | 6 | 4123540 | 3712545 | 90.03 |
| 6 | മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 3 | 987000 | 986138 | 99.91 |
| 7 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2 | 310000 | 299490 | 96.61 |
| 8 | വെറ്റിനറി സർജൻ | 6 | 3 | 5283500 | 697021 | 13.19 |
| 9 | ICDS സൂപ്പർവൈസർ | 11 | 11 | 15961700 | 12552942 | 78.64 |
| 10 | ഹെഡ് മാസ്റ്റർ ജി.യു.പി.എസ് | 6 | 5 | 4586000 | 2504697 | 54.62 |
| 11 | ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ് | 3 | 3 | 611221 | 548600 | 89.75 |
| | ആകെ | 289 | 146 | 278158517 | 113436688 | 40.78 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | |
|---|---|
| മുന്നിരിപ്പ് | 3485539 |
| വരവ് | 5364472 |
| ആകെ | 8850011 |
| ചെലവ് | 8187125 |
| നീക്കിയിരിപ്പ് | 662886 |

മുനിസിപ്പാലിറ്റി ലഭ്യമാക്കിയ വിവരമാണ് മേൽ പട്ടികയിൽ കാണിച്ചിട്ടുള്ളത്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 131400 | 129 |
| കർഷകതൊഴിലാളി പെൻഷൻ | 6400200 | 1096 |
| വിധവാ പെൻഷൻ | 11860200 | 2029 |
| വാർദ്ധക്യകാല പെൻഷൻ | 1416690 | 2689 |
| വികലാംഗ പെൻഷൻ | 2455300 | 438 |
| 50 വയസിന് മുകളിലുള്ള അവിവാഹിത പെൻഷൻ | 1259400 | 221 |
| വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)ം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-12-2021 ന് 4.15 Pm സമയത്ത് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 67,238 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും ക്യാഷിന്റെയും ബാങ്കിന്റെയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരിത ഉറപ്പുവരുത്തുന്നതുമായ സമ്പ്രദായമാണ്. ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ നിന്നും മുനിസിപ്പാലിറ്റിയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം സാമാന്യം തൃപ്തികരമാണെന്ന് ബോധ്യപ്പെടുകയുണ്ടായി. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം സ്റ്റാഫ് മീറ്റിംഗ് ചേർന്ന് തീരുമാനങ്ങൾ എടുത്തിട്ടുണ്ടെങ്കിലും മുൻപത്തെ യോഗ തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല.

## 1-10 വാർഡ് സഭ

മുനിസിപ്പാലിറ്റിയിലെ 35 വാർഡുകളിലും 7/2019, 12/2019, 2/2020 എന്നീ മാസങ്ങളിലായി 2019-20-ൽ മൂന്ന് തവണ വാർഡ്സഭകൾ സമ്മേളിച്ചിട്ടുണ്ട്. വാർഡ്സഭാ മിനട്സുകളിൽ തീരുമാനങ്ങൾ രേഖപ്പെടുത്തിയതിൽ പങ്കെടുത്ത ഗുണഭോക്താക്കളുടെ പ്രതിനിധികൾ ഒപ്പു വെക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

## 1-11 വസ്തുനികുതി പരിഷ്കരണം- മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല

2019-20 ലെ ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി ലൈസൻസ് അനുവദിച്ച ഏതാനും കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയസോഫ്റ്റ് വെയറിൽ പരിശോധിച്ചതിൽ ചില കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിച്ച് ഡിമാന്റ് ചെയ്തതായും ചില കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയതായും കാണുന്നില്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം (പഴയത്) | വാണിജ്യം നടത്തുന്നവരുടെ പേര് | സംരംഭം | കുറിപ്പ് |
|---|---|---|---|---|
| 1 | 4/153 | റജീന പി സി | മാറ്റ്, ബക്കറ്റ്, പ്ലാസ്റ്റിക് ഐറ്റം വില്പന | നികുതി പരിഷ്കരിച്ച് ഡിമാന്റ് ചെയ്തിട്ടില്ല |
| 2 | 4/154 | സിറാജുദ്ദീൻ | ടെക്സ്റ്റൈൽ | നികുതി പരിഷ്കരിച്ച് ഡിമാന്റ് ചെയ്തിട്ടില്ല |
| 3 | 4/263 | അബ്ദുള്ള സി എ | ടെക്സ്റ്റൈൽ | നികുതി പരിഷ്കരിച്ച് ഡിമാന്റ് ചെയ്തിട്ടില്ല |
| 4 | 5/108,109 | | സ്റ്റേഷനറി | നികുതി പരിഷ്കരിച്ച് ഡിമാന്റ് ചെയ്തിട്ടില്ല |
| 5 | 5/591C | കെ കെ രാജൻ | അലൂമിനിയം പ്രൊഡക്ട്സ് വില്പന | വിവരങ്ങൾ ലഭ്യമല്ല |
| 6 | 5/591 D | അജിത കെ | ബേക്കറി | വിവരങ്ങൾ ലഭ്യമല്ല |
| 7 | 5/755 A | കെ വി രാജീവൻ | ഓട്ടോമൊബൈൽ ബോഡി വർക്സ് | വിവരങ്ങൾ ലഭ്യമല്ല |
| 8 | 3/568J | ബിജേഷ് എം | ഓട്ടോമൊബൈൽ ബോഡി വർക്സ് | വിവരങ്ങൾ ലഭ്യമല്ല |
| 9 | 3/656A10,A11 | രാജേഷ് പി | പലചരക്ക് കട | വിവരങ്ങൾ ലഭ്യമല്ല |
| 10 | 8/401 TUV | ജനീഷ് വി പി | ടു വീലർ സെയിൽ | വിവരങ്ങൾ ലഭ്യമല്ല |
| 11 | 8/265 E | വിജയകുമാരി | പെട്രോളിയം പ്രൊഡക്ട്സ് വില്പന | വിവരങ്ങൾ ലഭ്യമല്ല |

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/27.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങൾക്ക് നികുതി പരിഷ്കരണം നടത്താത്തതും കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്താത്തതും സംബന്ധിച്ച് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.

## 1-12 പൊളിച്ചു നീക്കിയ കെട്ടിടങ്ങൾ ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടില്ല

ഓഡിറ്റിനു ലഭ്യമാക്കിയ ഡിമോളിഷ് ബിൽഡിംഗ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുന്നതിനായി ലഭിച്ച അപേക്ഷയിൻ മേൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 5/31-5-19, 1/21-8-19, 7/25-10-19, 11/19-1-20 എന്നീ നമ്പർ തീരുമാനങ്ങൾ പ്രകാരം 97 കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുന്നതിനായി ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടങ്ങളുടെ അസസ്സ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൻ പ്രകാരം ചില കെട്ടിടങ്ങൾ നാളിതുവരെയായും പൊളിച്ച് നീക്കിയതായി രേഖപ്പെടുത്തി ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 26/22 | ചേലോറ ചാത്തോത്ത് രാഗിണിയമ്മ |
| 2 | 4/312 | പള്ളക്കൽ ഇസ്മയിൽ |
| 3 | 4/69 | കേളോത്ത് ഇസ്മയിൽ |
| 4 | 7/32 | എടക്കാടൻകണ്ടി രാധ |
| 5 | 10/193 | സി മുഹമ്മദ് |

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8 തീയതി 22-12-21) മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചയയിൽ പൊളിച്ചുമാറ്റിയ കെട്ടിടമായി രേഖപ്പെടുത്താത്തതിനാൽ ഇത്തരം കെട്ടിടങ്ങൾക്ക് നിലവിലും വസ്തുനികുതി ഡിമാന്റ് ചെയ്യുന്നുണ്ട്. നികുതി ഒഴിവാക്കുന്നതിനായി അപേക്ഷ ലഭിച്ച കെട്ടിടങ്ങൾ പരിശോധിച്ച് യഥാസമയം ഡിമാന്റിൽ നിന്നും ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി - അപാകങ്ങൾ

1. 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ച് കൊണ്ട് വാർഡ് തിരിച്ചുകൊണ്ടുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നും ആയതിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായ ആളുകളുടെ അടവ് തുക അവരുടെ പേരിൽ വരവ് വെക്കേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. നഗരസഭ പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടേയും വാർഡ് തിരിച്ചുള്ള പട്ടിക ( ട്രേഡേഴ്സ് ലിസ്റ്റ് ) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. ഓഡിറ്റിന് ലഭ്യമാക്കിയ തൊഴിൽ നികുതി ഹാന്റ് ബുക്ക് പരിശോധിച്ചതിൻ പ്രകാരം നഗരസഭയിലെ വിവിധ വാർഡുകളിലുള്ള വ്യാപാരികളുടെ പേര്, കെട്ടിട നം , ഡിമാന്റ് ചെയ്ത നികുതി, നികുതി ഈടാക്കിയതിന്റെ രസീത് നം എന്നിവ ചേർത്തിട്ടുണ്ട്. എന്നാൽ അർദ്ധ വാർഷിക വരുമാനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.കൂടാതെ തൻ വർഷം നികുതി ഡിമാന്റ് ചെയ്ത മുഴുവൻ വ്യാപാരികളിൽ നിന്നും നികുതി ഈടാക്കിയതായും കാണുന്നില്ല. ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി തൻ വർഷത്തെ ആകെ ഡിമാന്റ്, കലക്ഷൻ, കുടിശ്ശിക എന്നിവ കണക്കാക്കി സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 4(2) പ്രകാരം 3 ാം ചട്ട പ്രകാരം തൊഴിൽ നികുതി നിർണയിക്കുന്നതിലേക്കായി അർദ്ധ വാർഷിക വരുമാനം തൊഴിൽ,അല്ലെങ്കിൽ ബിസിനസ്സിനെ സംബന്ധിച്ച വിവരങ്ങളടങ്ങിയ റിട്ടേണുകൾ VIാം നമ്പർ ഫോറത്തിൽ സത്യപ്രസ്താവന സഹിതം സെക്രട്ടറി ആവശ്യപ്പെടേണ്ടതാണെന്നും റിട്ടേൺ പ്രകാരമുള്ള വരുമാനം കണക്കാക്കി നികുതി നിർണയിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.നഗരസഭ പരിധിയിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരിൽ നിന്നും ഇപ്രകാരം റിട്ടേൺ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോയെന്നും അർദ്ധ വാർഷിക വരുമാനത്തിനനുസൃതാമായാണോ നികുതി ഡിമാന്റ് ചെയ്തിട്ടുള്ളതെന്നും വ്യക്തമല്ല.

5. തുക ഒടുക്കാത്ത സ്ഥാപനങ്ങളുടെ നികുതി കുടിശ്ശിക കണക്കാക്കുന്നതിനായി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 17തീയതി 27-12-21) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി പിരിവ് സംബന്ധിച്ച് മേൽ സൂചിപ്പിച്ച അപാകതകൾ ഉള്ളതിനാൽ ഈ ഇനത്തിൽ നഗരസഭയ്ക്ക് യഥാർത്ഥത്തിൽ ലഭ്യമാവേണ്ട വരുമാനം ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. മേൽ ചട്ടങ്ങളിൽ സൂചിപ്പിച്ച പ്രകാരം വാർഡ് തിരിച്ച് നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ നികുതി അർദ്ധ വാർഷിക വരുമാനത്തിനനുസരിച്ച് ഡിമാന്റ് ചെയ്യേണ്ടതും മുഴുവൻ വിവരങ്ങളും രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ തുക ഒടുക്കാത്ത സ്ഥാപനങ്ങളുടെ നികുതി കുടിശ്ശിക കണക്കാക്കുന്നതിനായി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

## 1-14 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

ഓഡിറ്റിനു ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം 2019-20 വർഷം ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മഹാത്മ ഗാന്ധി കോ- ഓപ്പറേറ്റീവ് പ്രസ്സ്, മട്ടന്നൂർ | I & II |
| 2 | കിൻഫ്ര, മട്ടന്നൂർ | I & II |
| 3 | എസ് ആർ ഫ്യൂവൽസ്, മട്ടന്നൂർ | I & II |
| 4 | ടെലിച്ചറി താലൂക്ക് കോ- ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി, മട്ടന്നൂർ | I & II |
| 5 | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇൻവസ്റ്റിഗേഷൻ സബ് ഡിവിഷൻ | I & II |
| 6 | പഴശ്ശി സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് | I & II |
| 7 | പ്രിയദർശിനി വനിത കോ- ഓപ്പറേറ്റീവ് സൊസൈറ്റി | I & II |

| | | |
|---|---|---|
| 8 | ഉരുവച്ചാൽ ഫിനാൻസിയേഴ്സ് | I & II |
| 9 | വി എം എം ഇംഗ്ലീഷ് മീഡിയം സ്കൂൾ | I & II |
| 10 | പെരിഞ്ചേരി വനിത സഹകരണ സംഘം | I & II |
| 11 | അഭയ ഹോസ്പിറ്റൽ മട്ടന്നൂർ | I & II |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 18 തീയതി 27-12-21) മറുപടി ലഭ്യമാക്കിയിട്ടില്ല.തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി മുനിസിപ്പാലിറ്റി ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-15 ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ

2011 ലെ കേരളാ മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 4 അനുസരിച്ച് മുൻസിപ്പൽ പരിധിയിൽ വ്യാപാരം/കച്ചവടം /തൊഴിൽ എന്നിവ നടത്തുന്നതിന് വ്യാപാരത്തിന്റെ പ്രാധാന്യം, വ്യാപാര സ്ഥാപനത്തിന്റെ സ്വഭാവം, വ്യാപാരത്തിന്റെ തോത്, മുതൽമുടക്ക് ഉടങ്ങിയ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി എ.ബി.സി. എന്നീ മൂന്ന് വിഭാഗങ്ങളായി തരം തിരിച്ച് ലൈസൻസ് നൽകി ഫീ ഈടാക്കേണ്ടതും ലൈസൻസ് ഫീ നിരക്ക് പട്ടിക 1, പട്ടിക11 എന്നിവയിൽ കാണിച്ചതിനനുസൃതമായിരിക്കേണ്ടതുമാണ്. മട്ടന്നൂർ നഗരസഭയിൽ ഇതിനായി മുനിസിപ്പൽ കൗൺസിലിന്റെ അനുവാദത്തോടെ 22-10-2011 ന് കൂടിയ കൗൺസിലിന്റെ 18/2011 നമ്പർ തീരുമാനപ്രകാരം ലൈസൻസ് ആവശ്യമായിട്ടുള്ള വിവിധ സ്ഥാപനങ്ങൾക്ക് ബാധകമാകുന്ന ലൈസൻസ് ഫീസ് നിരക്കുകളും മറ്റു വ്യവസ്ഥകളും വിജ്ഞാപനം ചെയ്തിട്ടുണ്ട് (നം. എച്ച് 1-11356/11). എന്നാൽ എ.ബി.സി. എന്നീ മൂന്ന് വിഭാഗങ്ങളായി തരം തിരിച്ച് മേഖല തിരിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയ വിജ്ഞാപനത്തിൽ ലഭ്യമല്ല. മുകളിൽ പറഞ്ഞതിനനുസൃതമായ എ.ബി.സി മേഖലകൾ തിരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

വിജ്ഞാപനം പ്രകാരം ഈടാക്കേണ്ട ഫീസ്

| ഇന വിവരം | പ്രതിവർഷം ഈടാക്കാവുന്ന ലൈസൻസ് ഫീ ₹ | | |
|---|---|---|---|
| | എ വിഭാഗം | ബി. വിഭാഗം | സി. വിഭാഗം |
| സ്വർണ്ണം ശുദ്ധികരിക്കുകയോ, വിൽപ്പനയ്ക്കായി ശേഖരിക്കുകയോ ചെയ്യുക | 10000 | 5000 | 3000 |
| കല്യാണ മണ്ഡപങ്ങൾ, വിവാഹം നടത്തുന്ന ആഡിറ്റോറിയങ്ങൾ | 10000 | 7500 | 5000 |
| ഐസ്ക്രീം, നിർമാണം, വില്പന | 750 | 400 | 300 |
| കശുവണ്ടി ശേഖരണം, വിൽപന | 1500 | 600 | 300 |
| ബ്യൂട്ടി പാർലർ നടത്തുക | 750 | 600 | 500 |
| സ്ക്രാപ്പ് മെറ്റലുകളുടെ ശേഖരണം, വിൽപന | 200 | 150 | 100 |
| അലൂമിനിയം നിർമാണം, സംഭരണം, വിൽപന | 1000 | 500 | 200 |
| എണ്ണ സംഭരണം, വിൽപന | 800 | 600 | 300 |
| ലബോറട്ടറി നടത്തിപ്പ് | 1200 | 800 | 600 |
| ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് സാധനങ്ങൾ സംഭരണം വില്പന | 1500 | 1000 | 750 |
| റസ്റ്റോറന്റ്, കേറ്ററിംഗ്, ഹോട്ടൽ | 1500 | 1000 | 500 |
| ബേക്കറികൾ | 3000 | 2000 | 1500 |
| തുണി നിർമ്മിക്കുകയോ, ശേഖരിച്ച് വയ്ക്കുകയോ, വില്പന നടത്തുകയോ ചെയ്യുക | 2500 | 1500 | 500 |
| സ്റ്റേഷണറി ഉൾപ്പടെ പലചരക്ക് കട | 4000 | 3000 | 1000 |

എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഡി.&ഒ. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളിൽ നിന്നും മേൽ വിജ്ഞാപന പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | വ്യാപാരിയുടെ പേര് | കെട്ടിട നമ്പർ | സംരംഭം | ഈടാക്കിയ ഫീസ് ₹ | രസീത് നമ്പർ/ തീയതി |
|---|---|---|---|---|---|
| 1 | പ്രിയ ഷിജു | 203 J | ടെക്സ്റ്റയിൽസ് | 900 | 110417/ 12.2.19 |
| 2 | രാജശ്രീ. സി. കെ | 527 A | ഗ്രോസറി | 500 | 110835/ 19.02.19 |
| 3 | നന്ദനൻ. കെ. കെ | 141 B C | സ്റ്റേഷണറി ഉൾപ്പടെ പലചരക്ക് കട | 1250 | 110974/ 20.2.19 |
| 4 | രമേശൻ ഇച്ചേരി | 10/206 | ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് സാധനങ്ങൾ സംഭരണം വില്പന | 400 | 110877/ 19.02.19 |
| 5 | കുമാരൻ കൊടിയേരി | 10/208 | റസ്റ്റോറന്റ് | 600 | 111693/ 27.02.19 |
| 6 | വിജേഷ്. കെ | 10/210 A | ബേക്കറി | 1800 | 112802/ 20.03.19 |
| 7 | മുഹമ്മദ്. കെ. പി | 10/255 | ടെക്സ്റ്റയിൽസ് | 1300 | 111262/ 25.02.19 |
| 8 | രഞ്ജിത്ത് കുമാർ. പി | 10/266 | വെളിച്ചെണ്ണ സംഭരണം, വിൽപന | 500 | 111514/ 26.02.19 |
| 9 | ഷൈനോസ്. കെ | 10/281 | ടെക്സ്റ്റയിൽസ് | 1000 | 110695/ 15.02.19 |
| 10 | ബാബു. കെ. പി | 10/284 | ബേക്കറി | 300 | 111344/ 25.02.19 |
| 11 | അനിൽ കുമാർ | 10/296 | ബേക്കറി | 1000 | 112681/ 18.3.19 |
| 12 | മുഹമ്മദ്. പി. കെ | 10/303 | ടെക്സ്റ്റയിൽസ് | 1000 | 112052/ 05.03.19 |
| 13 | വാസു ആലക്കണ്ടി | 10/381 | സ്റ്റേഷണറി ഉൾപ്പടെ പലചരക്ക് കട | 750 | 111305/ 25.02.19 |
| 14 | പ്രശാന്ത്.ടി | 10/391 A | അലൂമിനിയം നിർമാണം, സംഭരണം | 700 | 111450/ 26.02.19 |
| 15 | സി. സദാനന്ദൻ | 10/302 K | ബ്യൂട്ടി പാർലർ | 700 | 111059/ 21.02.19 |
| 16 | ഷിവിൻ | 10/137 B | ഐസ്ക്രീം സംഭരണം | 700 | 107454/ 06.01.20 |
| 17 | വാസു നമ്പ്യാർ | 11/293 | സ്റ്റേഷണറി ഉൾപ്പടെ പലചരക്ക് കട | 750 | 111198/ 23.02.19 |
| 18 | സരള. കെ. സി | 11/297 | സ്റ്റേഷണറി ഉൾപ്പടെ പലചരക്ക് കട | 900 | 110398/ 12.02.19 |

| | | | | | |
|---|---|---|---|---|---|
| 19 | കുഞ്ഞിരാമൻ. പി | 11/323 E | സ്റ്റേഷണറി ഉൾപ്പടെ പലചരക്ക് കട | 900 | ലഭ്യമല്ല |
| 20 | ഉമ്മർ. വി | 4/136 | ബേക്കറി | 1900 | 111972/ 02.03.19 |
| 21 | കെ. വി. കൃഷ്ണൻ | 4/263 | ടെക്സ്റ്റയിൽസ് | 1000 | 111474/ 26.02.19 |
| 22 | കെ. എം. അബ്ദുൾ നാസർ | 4/321 DEF | ബേക്കറി | 1300 | 112774/ 20.03.19 |
| 23 | ആർ. വിജയകുമാർ | 7/13 | സ്ക്രാപ്പ് മെറ്റലുകളുടെ ശേഖരണം | 850 | 1112063/ 05.03.19 |
| 24 | ജിഷാദ്. ഇ. കെ | 7/62,64 | ഇലക്ട്രിക്കൽസ് | 1250 | 111935/ 01.03.19 |
| 25 | ഇസ്മയിൽ. പി | 7/66,66 B | ഇലക്ട്രിക്കൽസ് | 1150 | 109771/ 02.02.19 |
| 26 | വി. കെ. പ്രകാശൻ | 7/71 | ജ്വല്ലറി | 1000 | 111173/ 22.02.19 |
| 27 | തളിക്കാട്ടിൽ ശിവദാസൻ | 7/796 | ജ്വല്ലറി | 1000 | 107782/ 02.02.19 |
| 28 | സി. പി. രവീന്ദ്രൻ | 7/843 | ഇലക്ട്രിക്കൽസ് | 300 | 110771/ 16.02.19 |
| 29 | ടി. കെ. സലീം | 7/847 | ജ്വല്ലറി | 600 | 111165/ 29.03.19 |
| 30 | സി.കെ. രമേശൻ | 7/873 | ജ്വല്ലറി | 1000 | 113136/ 29.03.19 |
| 31 | സി.കെ. പ്രകാശൻ | 7/1319 | ജ്വല്ലറി | 1000 | 111087/ 21.02.19 |

ചില സ്ഥാപനങ്ങളിൽ നിന്ന് പട്ടികയിൽ സി വിഭാഗത്തിൽ കാണിച്ചതിലും കുറവ് തുകയാണ് ഈടാക്കിയത്. എന്നാൽ മറ്റ ചില സ്ഥാപനങ്ങളിൽ നിന്നും പട്ടികയിൽ ഉൾപ്പെടാത്ത ഫീസ് ഈടാക്കിയിട്ടുമുണ്ട്. ആയതിന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.2/20.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. വിജ്ഞാപനം പ്രകാരം ഈടാക്കേണ്ട ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതും വരവ് നഷ്ടം ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-16 വാടക നിശ്ചയിക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

നഗരസഭയുടെ മിനിസ്റ്റേഡിയം ഷോപ്പിംഗ് കോംപ്ലക്സിൽ വാടക നിശ്ചയിക്കാതെ നിലവിൽ നാല് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ ട്രഷറി, ലീഗൽ മെട്രോളജി ഓഫീസ്, എക്സൈസ് ഓഫീസ്, ഫുഡ് ആന്റ് സേഫ്റ്റി ഓഫീസ് എന്നിവ. ഇതുകൂടാതെ നഗരസഭയുടെ നേരെ മുൻവശത്ത് വർഷങ്ങളായി പ്രവർത്തിക്കുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വാടക ഒടുക്കുന്നുണ്ടോ എന്ന വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ സ്ഥാപനങ്ങൾക്ക് വാടക നിശ്ചയിക്കാത്തത് സംബന്ധിച്ച 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-18 ലെ പരാമർശത്തിനുമേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിലേക്ക് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/23-12-21) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയ്ക്ക് ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുന്ന സാഹചര്യത്തിൽ മുഴുവൻ സ്ഥാപനങ്ങൾക്കും അടിയന്തിരമായി നോട്ടീസ് നൽകി വാടക നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ ശിക്ഷാ നടപടി ആദ്യം അരംഭിക്കേണ്ടിയിരുന്ന തീയതി മുതൽ മൂന്ന് വർഷം കഴിഞ്ഞതിനുശേഷം യാതൊരു ശിക്ഷാ നടപടികളും സ്വീകരിക്കുന്നതിന് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539(1) പ്രകാരം വ്യവസ്ഥയില്ല എന്നിരിക്കെ എത്രയും പെട്ടെന്ന് മുഴവൻ സ്ഥാപനങ്ങളുടേയും വാടക നിശ്ചയിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. വാടക നിശ്ചയിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി

പുരോഗതി വിവരം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത ആക്ടിലെ സെക്ഷൻ 539(2) പ്രകാരം ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 കല്ലൂർ വ്യവസായ എസ്റ്റേറ്റിലെ വ്യവസായ സംരഭകരിൽ നിന്നും വാടക ഈടാക്കിയിട്ടില്ല

മട്ടന്നൂർ നഗരസഭയിലെ കൊളാരി വില്ലേജിലെ 47/1സി, 47/2, 47/3 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട മൂന്നര ഏക്കർ ഭൂമി നഗരസഭ ഏറ്റെടുത്ത് താഴെപ്പറയുന്നവർക്ക് വ്യവസായ സംരംഭം തുടങ്ങുന്നതിനായി പ്ലോട്ടുകൾ അനുവദിച്ച് നല്കിയിട്ടുണ്ട്. പ്രസ്തുത വ്യവസായ എസ്റ്റേറ്റിന് വ്യവസായ വകുപ്പിന്റെ അനുമതി ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | ലേലം കൊണ്ട വ്യക്തി | ലേല തുക/ മാസ വാടക | ഒടുക്കിയ തുക | ബാക്കി |
|---|---|---|---|---|
| 1 | മാനേജിംഗ് ഡയറക്ടർ,TTA മാർക്കറ്റിംഗ് (പ്ലോട്ട് നം.1, 50 സെന്റ് ) | 5000 | - | 60000 (2019ഏപ്രിൽ മുതൽ മാർച്ച് 2020 വരെ) |
| 2 | ആയിപ്പുഴ പ്രദീപ് (പ്ലോട്ട് നം.G, 14സെന്റ്) | 2333 | - | 27996 (ഏപ്രിൽ2019 മുതൽ മാർച്ച് 2020 വരെ) |
| 3 | ഷബേഷ് (പ്ലോട്ട് നം.D, 12സെന്റ് ) | 3010 | - | 36120 (ഏപ്രിൽ 2019 മുതൽ മാർച്ച് 2020വരെ) |
| 4 | ലഷിജ ഉണ്ണികൃഷ്ണൻ (പ്ലോട്ട് നം.F, 13സെന്റ് ) | 3261 | - | 39132 (ഏപ്രിൽ 2019 മുതൽ മാർച്ച് 2020 വരെ) |
| 5 | സുജിത്ത്. കെ (പ്ലോട്ട് നം.N, 10സെന്റ് ) | 2508 | 20064 | 10032 (ഏപ്രിൽ 2019 മുതൽ ജൂലായ് 2020 വരെ) |
| 6 | പ്രനീഷ് കുമാർ. കെ. കെ (പ്ലോട്ട് നം.Q, 10സെന്റ് ) | 2508 | - | 30096 (ഏപ്രിൽ 2019 മുതൽ മാർച്ച് 2020) |
| 7 | അനീഫ. കെ (പ്ലോട്ട് നം.C, 15സെന്റ് ) | 3763 | - | 45156 (ഏപ്രിൽ 2019 മുതൽ മാർച്ച് 2020 വരെ) |
| 8 | സുമയ്യ. സി. കെ(പ്ലോട്ട് നം.R, 12 1/4സെന്റ് ) | 3073 | - | 36876 (ഏപ്രിൽ 2019 മുതൽ മാർച്ച് 2020 വരെ) |
| 9 | പി. സുരേഷ് ബാബു (പ്ലോട്ട് നം.P, 50സെന്റ് ) | 2250 | - | 27000 (ഏപ്രിൽ 2019 മുതൽ മാർച്ച് 2020 വരെ) |
| 10 | സുബിൻ ചന്ദ്രന് (പ്ലോട്ട് നം.K, 13 1/2സെന്റ് ) | 3010 | - | 36120 (ഏപ്രിൽ 2019 മുതൽ മാർച്ച് 2020 വരെ) |
| 11 | ജിജേഷ്. വി. കെ (പ്ലോട്ട് നം.T, 50സെന്റ് ) | 8333 | 41665 ജൂലായ്- നവമ്പർ | 33332 (ഡിസംബർ 2019 മുതൽ മാർച്ച് 2020 വരെ) |
| ആകെ | | | | 3,81,860 |

മേല്പറഞ്ഞ എല്ലാ കൈവശക്കാരുമായും നഗരസഭ കരാറിൽ ഏർപ്പെട്ടതിന്റെയും ലേലം കൊണ്ടവർ ഡെപ്പോസിറ്റ് തുകയും വാടകയും ഒടുക്കിയതിന്റെയും പ്ലോട്ടുകൾ ലഭിക്കുന്ന ആൾക്ക് എത്ര വർഷത്തിന് ശേഷം ഏത് നിരക്കിലാണ്

വാടക പുതുക്കി നിശ്ചയിക്കുന്നത് എന്നതിന്റെയും വിശദവിവരം ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (12/23.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. സംരംഭകരിൽ നിന്നും ഡെപ്പോസിറ്റ് തുക ഈടാക്കാതെയാണ് പ്ലോട്ടുകൾ അനുവദിച്ച നല്കിയിരിക്കുന്നത്. വിവിധ പ്ലോട്ടുകൾ വാടകയ്ക്ക് നല്കുന്നതുമായി ബന്ധപ്പെട്ട് ബൈലാ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. മേൽ സംരംഭകരിൽ നിന്നും വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-18 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

1) മട്ടന്നൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടമുറികളുടെ വാടക, ബസ് സ്റ്റാന്റ് പാർക്കിംഗ് ഫീ പിരിവ് എന്നിവയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 വർഷത്തെ മുഴുവൻ തുകയും പിരിച്ചെടുത്തിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇന വിവരം | ലേലം കൊണ്ട വ്യക്തി | ലേല തുക/ മാസ വാടക | ഒടുക്കിയ തുക | ബാക്കി |
|---|---|---|---|---|---|
| 1 | ബസ് സ്റ്റാന്റ് പാർക്കിംഗ് ഫീസ് പിരിവ് | ശ്രീ. സജീവൻ. എൻ | 5,85,000 | 19,5000 | 3,90,000 |
| 2 | ബസ് സ്റ്റാന്റ് ടെർമിനൽ ഷോപ്പിംഗ് കോംപ്ലക്സ് | ഷാക്കീബ്. വി 7/962-A 15 | 2363 | - | 28356 (2019ഏപ്രിൽ മുതൽ 2020മാർച്ച് വരെ) |
| | | എം. മുസ്തഫ 7/962 -I-A9 | 2743 | 21944 | 10972 (ഡിസംബർ 2019 മുതൽ മാർച്ച് 2020 വരെ) |
| 3 | മിനി സ്റ്റേഡിയം കോംപ്ലക്സ് | ലീഗൽ മെട്രോളജി വകുപ്പ് 4/67 Q,R,S | വാടക നിശ്ചയിച്ചിട്ടില്ല | - | 15-10-18 മുതൽ |
| | | ജില്ലാ ട്രഷറി 4/67 D To I | വാടക നിശ്ച യിച്ചിട്ടില്ല | - | 24-11-18 മുതൽ |
| | | മൻസൂർ എം കെ 4/67 J | 3150 | - | 37800 01-04-19 മുതൽ 31-03-20 വരെ |
| | | ഫുഡ് ആന്റെ സേഫ്റ്റി 4/67-A4 | വാടക നിശ്ചയിച്ചിട്ടില്ല | - | 01-04-19 മുതൽ 31-03-20 വരെ |
| | | എക്സൈസ് ഓഫീസ് 4/67-L M N | വാടക നിശ്ചയിച്ചിട്ടില്ല | - | 01-04-19 മുതൽ 31-03-20 വരെ |

മേൽപ്പറഞ്ഞ കൈവശക്കാരിൽ നിന്നും വാടക കുടിശ്ശിക പിഴയടക്കം ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

2. വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ വാടകയ്ക്ക് നല്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ബൈലോകൾക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 11/23.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ബൈലോകൾക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. മുറികൾ ലേലംകൊണ്ട എല്ലാ കൈവശക്കാരുമായും നഗരസഭ കരാറിൽ ഏർപ്പെടുന്നില്ല.

മേൽപറഞ്ഞ അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

2). ബസ് സ്റ്റാന്റ് ന്യൂ ഷോപ്പിംഗ് കോംപ്ലക്സിലെ ആകെയുള്ള 59 മുറികൾ രജിസ്റ്റർ പ്രകാരം ലേലം ചെയ്ത് കൊടുത്തിട്ടുണ്ട്.

ഇതിൽ 15 മുറികൾ ലേലം കൊണ്ടവർ ഡെപ്പോസിറ്റ് തുകയും (ഭാഗികം) 18 മുറികൾ ലേലം കൊണ്ടവർ വാടകയും ഒടുക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | റൂം നമ്പർ, ഡോർ നമ്പർ | ലേലം കൊണ്ട വ്യക്തി | നിശ്ചയിച്ച വാടക/ ഡെപ്പോസിറ്റ് | | ഒടുക്കിയ വാടക / ഡെപ്പോസിറ്റ് | | ബാക്കി | |
|---|---|---|---|---|---|---|---|---|
| | | | ഡെപ്പോ സിറ്റ് | വാടക | ഡെപ്പോ സിറ്റ് | വാടക | ഡെപ്പോ സിറ്റ് | വാടക |
| 1 | 5, 29/1158 D | റെജികുമാർ ഒ കെ | 2000000 | 20000 | - | - | 2000000 | 240000 (01-04-19 മുതൽ 31-03-20 വരെ) |
| 2 | 14, 29/1158 N | സക്കറിയ സി | 1000000 | 8000 | 200000 | - | 800000 | 96000 (01-04-19 മുതൽ 31-03-20 വരെ) |
| 3 | 15, 29/1158 P | പി വി അബ്ദുൾ ഖാദർ | 11,00,000 | 10,000 | 7,00,000 | - | 4,00,000 | 120000 (01-04-19 മുതൽ 31-03-20വരെ) |
| 4 | 29/1158 A1 | അബ്ദുൾ അസീസ് എം പി | 5,50,000 | 6,000 | 3,00,000 | - | 2,50,000 | 72000 (01-04-19 മുതൽ 31-03-20 വരെ) |
| 5 | 16 A, 29/1158 U | പി കെ കൃഷ്ണൻ | 5,50,000 | 6,000 | 3,00,000 | - | 250000 | 72000 (01-04-19 മുതൽ 31-03-20 വരെ) |
| 6 | 29/1158 B 10 | കെ. പ്രകാശൻ | 3,90,000 | 4000 | - | - | 3,90,000 | 48000 (01-04-19 മുതൽ 31-03-20 വരെ) |
| 7 | 29/1158 A11 | സക്കറിയ സി | 6,00,000 | 6,000 | 2,00,000 | - | 400000 | 72000 (01-04-19 മുതൽ 31-03-20 വരെ) |
| 8 | 29/1158 B6 | “ | 4,00,000 | 4,000 | 2,00,000 | - | 200000 | 48000 (01-04-19 മുതൽ 31-03-20 വരെ) |
| 9 | 29/1158 B3 | റെജികുമാർ ഒ കെ | 300000 | 5,000 | - | - | 300000 | 60000 (01-04-19 മുതൽ 31-03-20 വരെ) |
| 10 | 29/1158 B22 | സെക്രട്ടറി, പ്രസ്സ് ഫോറം | 25,000 | 2000 | 25,000 | - | - | 24000 (01-04-19 മുതൽ 31-03-20 വരെ) |
| 11 | 29/1158 B2 | റെജികുമാർ ഒ കെ | 2,50,000 | 6500 | 2,50,000 | - | - | 78000 (01-04-19 മുതൽ 31-03-20 വരെ) |
| 12 | 29/1158 B5 | റെജികുമാർ ഒ കെ | 350000 | 3500 | 265000 | - | 85000 | 42000 (01-04-19 മുതൽ 31-03-20 വരെ) |
| 13 | 29/1158 B7 | റെജികുമാർ ഒ കെ | 4,00,000 | 4000 | 200,000 | - | 200000 | 48000 (01-04-19 മുതൽ 31-03-20 വരെ) |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 14 | 29/1158 B15 | റെജികുമാർ ഒ കെ | 2,00,000 | 3,000 | 1,00,000 | - | 100000 | 36000 (01-04-19 മുതൽ 31-03-20 വരെ) |
| 15 | 29/1158 C1 | അഷ്റഫ് കെ | 4,00,000 | 4000 | 4,00,000 | - | - | 46000 (01-04-19 മുതൽ 31-12-20 വരെ) |
| 16 | 29/1158 A 13 | സി. പി. നാരായണൻ | 4,00,000 | 4000 | - | | 4,00,000 | 48000 (01-04-19 മുതൽ 31-03-20 വരെ) |
| 17 | 29/1158 V | മുഹമ്മദ്. കെ | 605000 | 6100 | 500000 | | 105000 | 73200 (01-04-19 മുതൽ 31-03-20 വരെ) |
| 18 | 29/1158 B 2 | സെക്രട്ടറി, പ്രസ്സ് ഫോറം | 25000 | 2000 | 25000 | | | 24000 (01-04-19 മുതൽ 31-03-20 വരെ) |
| ആകെ | | | | | | | | 12,49,200 |

മേല്പറഞ്ഞ കൈവശക്കാർ വാടക കുടിശ്ശികയും ബാക്കിയുള്ള ഡെപ്പോസിറ്റ് തുകയും പിഴപ്പലിശ സഹിതം ഒടുക്കിയതിന്റെയും ഒഴിഞ്ഞുകിടക്കുന്ന മുറികൾ പുനർലേലം ചെയ്തതിന്റെയും മുറികൾ ലേലംകൊണ്ട കൈവശക്കാരുമായി നഗരസഭ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (11/23.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശികക്കാരിൽ നിന്നും മുഴവൻ തുകയും പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്.

## 1-19 ആംബുലൻസ് നടത്തിപ്പ്-അപാകതകൾ

ധനകാര്യ നോഡൽ സെന്റർ- ബി വകുപ്പിന്റെ സ.ഉ.(സാധാ) നം. 7336/15/ധന, തീയ്യതി 11-08-15 ഉത്തരവ് , മട്ടന്നൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസറുടെ 23-11-15 ലെ 284/14 നമ്പർ ഉത്തരവ് എന്നിവ പ്രകാരം മട്ടന്നൂർ സി എച്ച് സി യുടെ ഉടമസ്ഥതയിലുള്ള KL 58J 2980 നമ്പർ ആംബുലൻസ് നഗരസഭയ്ക്ക് വിട്ടുകിട്ടിയിട്ടുണ്ട്. ആംബുലൻസ് കൈകാര്യം ചെയ്യുന്നതിലും ഇതിന്റെ വാടകയിനത്തിലുള്ള വരവ് ഒടുക്കുന്നതിലുമുണ്ടായ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. വാഹനത്തിന്റെ ചുമതല ഹെൽത്ത് ഇൻസ്പെക്ടർക്ക് നൽകുന്നതിനും വാഹനവാടക ഈടാക്കുന്നത് സംബന്ധിച്ചും മറ്റ് നിയന്ത്രണങ്ങൾ സംബന്ധിച്ചും ഒരു ബൈലാ തയ്യാറാക്കാൻ ഹെൽത്ത് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുന്നതിനും വാഹന വാടക ഈടാക്കാൻ രശീത്ബുക്ക് അച്ചടിക്കുന്നതിനും 04-01-16 ന് സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്. രശീത് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്ററും ആംബുലൻസ് നടത്തിപ്പുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ബൈലോയും ബൈലോയ്ക്ക് സർക്കാർ അംഗീകാരം ലഭിച്ചതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. 06-02-16 ന് ചെയർമാന്റെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർത്ത യോഗത്തിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ, ഡ്രൈവർ എന്നിവർ പങ്കെടുത്ത യോഗത്തിൽ കിലോമീറ്ററിന് 30 രൂപ നിരക്കിൽ വാടകയും വെയിറ്റിംഗ് ചാർജിനത്തിൽ 70 രൂപയും മിനിമം ചാർജ്ജായി 500 രൂപയും ഈടാക്കുന്നതിനും 08-02-16 മുതൽ ശ്രീ. സുശാന്ത് പി-യെ യും തുടർന്ന് കൗൺസിൽ തീരുമാന നം. ആർ-2-12258/15 തിയ്യതി 30.10.19 പ്രകാരം ശ്രീ. സത്യനെയും ഡ്രൈവറായി നിയമിച്ചിട്ടുണ്ട്. നിലവിൽ ഈയിനങ്ങളിൽ ഈടാക്കുന്ന നിരക്ക് അറിയിക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/ 28-12-2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

3. (2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം കളക്ഷൻ തുക ആ ദിവസമോ തൊട്ടടുത്ത ദിവസമോ നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്. എന്നാൽ കളക്ഷൻ തുക അടവാക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്.

| ക്രമ നം | രശീതി ബുക്ക് നം./തിയ്യതി | മുനിസിപ്പാലിറ്റിയിൽ അടവാക്കിയ രശീതി നമ്പർ/തിയ്യതി | തുക ₹ |
|---|---|---|---|
| 1 | 482 - 496 ( 19.05.20 മുതൽ 08-07-20 വരെ) | 100874/10.07.20 | 12000 |

| | | | |
|---|---|---|---|
| 2 | 506-517<br>( 16.08.20 മുതൽ 19-10-20 വരെ) | 103152/20.10.20 | 7100 |
| 3 | 464-481<br>(25.02.20മുതൽ 08.05.20വരെ) | 1000057/21.05.20 | 4000 |

4. ലോഗ് ബുക്ക് ഒരോ ദിവസവും പരിശോധിച്ച് നഗരസഭ ഫണ്ടിൽ കൃത്യമായ തുകയാണോ ഒടുക്കുന്നതെന്ന് ഹെൽത്ത് ഇൻസ്പെക്ടർ ഉറപ്പുവരുത്തുന്നില്ല.

5. ലോഗ്ബുക്കിൽ ആവശ്യമായ വിവരങ്ങൾ – യാത്രകളിൽ എത്ര സമയം തങ്ങി എന്നത്, എടുത്ത ലൂബ്രിക്കേഷൻ സാധനങ്ങൾ ബിൽ/ഇൻവോയ്സ് നമ്പർ, അളവ്, മൈലേജ് ടെസ്റ്റ് നടത്തിയതിന്റെ വിവരങ്ങൾ, കസ്റ്റോഡിയൻ ഓഫീസറുടെ അഭിപ്രായക്കുറിപ്പം ചുരുക്കൊപ്പം ചേർത്തിട്ടില്ല. 10-02-16 ന് പ്രവർത്തനം തുടങ്ങി നാളിതുവരെയായി ലോഗ്ബുക്കിൽ യാത്രകൾക്കിടയിൽ തങ്ങിയ സമയം രേഖപ്പെടുത്തുകയോ ഇതിനനുസൃതമായി ₹ 70 നിരക്കിൽ വെയിറ്റിംഗ് ചാർജ് ഈടാക്കിയിട്ടുണ്ടോ എന്നത് വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 25/28-12-2021) മറുപടി നൽകിയിട്ടില്ല.

ആംബുലൻസ് നടത്തിപ്പുമായി ബന്ധപ്പെട്ട് വ്യക്തമായ മാർഗ്ഗരേഖ / ബൈലൊ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതും ഇതിൽ നിന്നുള്ള വരവ് കൃത്യമായി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കുന്നുണ്ട് എന്നുറപ്പു വരുത്തി പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് - തുക തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേന്ദ്ര സർക്കാറിന്റെ അപ്രന്റീസ് പ്രമോഷൻ സ്കീം രാജ്യത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി അപ്രന്റീസ് ട്രെയിനിംഗ് കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എല്ലാ അപ്രന്റീസ് ട്രെയിനികൾക്കും 2016 ഒക്ടോബർ മുതൽ സ്റ്റൈപന്റിന്റെ കൂടെ 25% പരമാവധി ₹1500 കേന്ദ്ര സർക്കാർ നല്കുമെന്ന് വ്യവസായ പരിശീലന വകുപ്പിന്റെ 26-09-2016 ലെ എഫ്-1/21777/ 2016 നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. 2019-20 വർഷം നഗരസഭയിൽ ഓവർസിയർ തസ്തികയിൽ അപ്രന്റീസ് ട്രെയിനിയായി നിയമിച്ചവർക്ക് പ്രതിമാസം ₹7000 വീതം അനുവദിച്ചിട്ടുണ്ട്. ഇതിന്റെ 25 % പരമാവധി ₹1500 നഗരസഭക്ക് തിരികെ ലഭിക്കേണ്ടതാണ്. അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് നല്കിയ ഇനത്തിൽ 2019-20 വർഷം നഗരസഭ ആകെ ചെലവഴിച്ച തുകയുടേയും നഗരസഭക്ക് തിരികെ ലഭിക്കാനുള്ള തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-22/27-12-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് നല്കിയ ഇനത്തിൽ നഗരസഭക്ക് തിരികെ ലഭിക്കാനുള്ള തുക കണക്കാക്കി ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 മുൻകൂറുകൾ സമയപരിധിക്കകം ക്രമീകരിക്കേണ്ടതാണ്

ധനകാര്യവകുപ്പിന്റെ 4-10-2011 ലെ ജി ഒ (പി) 419/2011/ഫിൻ നമ്പർ ഉത്തരവിൽ താൽക്കാലിക മുൻകൂറുകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നും, അഡ്ജസ്റ്റ്മെൻറ് ബിൽ സമർപ്പിച്ചിട്ടും പൂർണ്ണമായി വിനിയോഗിക്കാത്ത മുൻകൂർ തുകയ്ക്ക് ഒരു വർഷത്തേക്ക് 18 % നിരക്കിൽ പലിശ ഈടാക്കണമെന്നും, നിശ്ചിത സമയപരിധിക്കകം അഡ്ജസ്റ്റ്മെൻറ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ അടിയന്തിരമായി മുഴവൻ തുകയും, തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ സഹിതം ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2019-20 ൽ നൽകിയ താഴെ ചേർക്കുന്ന മുൻകൂറുകൾ നിശ്ചിത സമയപരിധിക്കകം അഡ്ജസ്റ്റ് ചെയ്യുകയോ, തുക തിരിച്ചുപിടിക്കുകയോ ചെയ്ത രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ, തീയതി | തുക | തുക കൈപ്പറ്റിയ വ്യക്തി | ആവശ്യം | ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 137-5/2019<br>2-5-2019 | 5,000 | കമലാക്ഷി, ജെ.എച്ച്.ഐ | കംഫർട്ട് സ്റ്റേഷനിലെ ബ്ലോക്ക് പരിഹരിക്കുന്നതിന് മുൻകൂർ നല്കിയത്. | എച്ച്-1-6176/19 |
| 2 | 289-6/19<br>1-6-2019 | 4,500 | ജോബി കല്യാടൻ ജെ.എച്ച്.ഐ | മരം മുറിച്ച് മാറ്റുന്നതിന് മുൻകൂർ നല്കിയത്. | എച്ച്-1-4732/19 |

| | | | | | |
|---|---|---|---|---|---|
| 3 | 415-6/19<br>26-6-2019 | 10,000 | ലേക്ഷ്മ.സി, ഓവർസിയർ | മലക്കുതാഴെ നഗരസഭയുടെ ഉടമസ്ഥതയിലുള്ള പഴയ വീടിന്റെ അറ്റകുറ്റ പണി നടത്തുന്നതിന് മുൻകൂർ നല്കിയത്. | ആർ-2-12570/19 |
| 4 | 416-6/19<br>26-6-2019 | 5,000 | രൂപേഷ്.കെ ജെ.എച്ച്.ഐ | വീടിന് ഭീഷണിയായി നില്ക്കുന്ന മരം മുറിച്ച മാറ്റാൻ മുൻകൂർ നല്കിയത്. | എച്ച്-1-7751/19 |
| 5 | 874-10/19<br>9-1-2019 | 12,700 | രമേഷ് ബാബു.കെ ലൈബ്രേറിയൻ | നഗര സഭയിൽ ഹരിത ഭവന പുരസ്കാരത്തിനുള്ള ക്യാഷ് അവാർഡ്, ജൂറി ചെലവ് എന്നിവക്കുള്ള തുക അനവദിക്കാൻ മുൻകൂർ നല്കിയത്. | സി.ഡി.എസ്-25595/16 |
| 6 | 1469-3/20<br>17-3-20 | 6,000 | രാഗേഷ്. പി.വി, | കോവിഡ്-19 വ്യാപനത്തിനെതിരെ ബോധവൽക്കരണത്തിന് മൈക്ക് അനൗൺസ്മെന്റ് നടത്താൻ മുൻകൂർ നല്കിയത്. | എച്ച്-1-4329/20 |

മേൽ പരാമർശിച്ചിരിക്കുന്ന സർക്കാർ ഉത്തരവു പ്രകാരം മുൻകൂറുകൾ അഡ്ജസ്റ്റ് ചെയ്യുകയോ, തിരിച്ചുപിടിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (24/28-12-2021) മറുപടി നല്കിയിട്ടില്ല. മേൽ പരാമർശിച്ച മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും ഭാവിയിൽ മുൻകൂറുകൾ സമയ പരിധിക്കകം ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-22 വയോമിത്രം പദ്ധതി- കൈപ്പറ്റ് രസീതിയും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 114/20 വയോമിത്രം പദ്ധതി |
| അടങ്കൽ | ₹10,00,000 വികസന ഫണ്ട് -പൊതു വിഭാഗം |
| ചെലവ് | ₹10,00,000 ബിൽ നമ്പർ/തീയ്യതി : 16/19-20/24-09-2019 |

വയോമിത്രം പദ്ധതിയുടെ 2019-20 വർഷത്തെ നഗരസഭാ വിഹിതമായി ₹10,00,000 സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം-701011400000134 ) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രസീതിയും, തുകയുടെ വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനക്കായി ലഭ്യമാക്കണമെന്നും, വയോമിത്രം പദ്ധതിയുടെ ഭാഗമായി മട്ടന്നൂർ നഗരസഭയിൽ 2019-20 സാമ്പത്തിക വർഷം എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയതെന്നും, വയോമിത്രം പദ്ധതി പ്രവർത്തനങ്ങൾ നഗരസഭ മോണിറ്റർ ചെയ്യാറുണ്ടോ എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ-14/24-12-2021 ) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രസീതിയും വിനിയോഗ സാക്ഷ്യപത്രവും പരിശോധനക്കായി ലഭ്യമാക്കേണ്ടതും വയോമിത്രം പദ്ധതി പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്ത് വയോജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-23 വാഹനം വാങ്ങൽ - രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹7,85,253 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 307/20 വാഹനം വാങ്ങൽ |
| അടങ്കൽ | ₹10,00,000 വികസനഫണ്ട് |
| ചെലവ് | ₹7,85,253 ബിൽ നമ്പർ/തീയ്യതി : 19/19-20/4-9-2019 |

മേൽ പ്രോജക്റ്റ് പ്രകാരമുള്ള ചെലവിന്റെ രേഖകളൊന്നും പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. പ്രോജക്റ്റ്, ട്രഷറി ബിൽ, വാഹനം വാങ്ങിയതിന്റെ പർച്ചേസ് ബിൽ, വാഹനം നഗരസഭയിൽ ലഭ്യമായതിന്റേയും സ്റ്റോക്കിലെടുത്തതിന്റേയും രേഖകൾ എന്നിവ സൂക്ഷിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കണമെന്നും ഉണ്ടെങ്കിൽ ആയത് പരിശോധനക്കായി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-32/29-12-2021) സെക്രട്ടറി മറുപടി നല്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹7,85,253 ചെലവ് തടസപ്പെടുത്തുന്നു.

## 1-24 മട്ടന്നൂർ യു പി സ്കൂളിൽ പ്രഭാത ഭക്ഷണ പരിപാടി - പ്രോജക്റ്റ് നടപ്പാക്കിയതിലെ അപാകങ്ങൾ - ₹7,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.യു പി സ്കൂൾ, മട്ടന്നൂർ |
| പ്രോജക്റ്റ് നമ്പർ/പേര് | 79/20 മട്ടന്നൂർ യു പി സ്കൂളിൽ പ്രഭാത ഭക്ഷണ പരിപാടി |
| അടങ്കൽ | ₹ 7,00,000 വികസന ഫണ്ട്-ജനറൽ |
| ചെലവ് | ₹4,00,000 ബിൽ നമ്പർ / തീയ്യതി : 2/19-20/23-10-2019<br>₹3,00,000 ബിൽ നമ്പർ / തീയ്യതി : 4/19-20/19-02-2020<br>ആകെ : ₹7,00,000 |

മധുസൂദനൻ തങ്ങൾ സ്മാരക ഗവ. യു പി സ്കൂളിലെ 600 കുട്ടികൾക്ക് പ്രഭാത ഭക്ഷണം നല്കുന്നതിനുള്ള പ്രോജക്റ്റാണിത്. പദ്ധതിയിൽ മേല്പറഞ്ഞ ബില്ലുകൾ പ്രകാരം തുകകൾ പിൻവലിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്ററുടെ എസ്.ബി.ഐ. അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 67190530178 ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 2019 ജൂൺ 25 മുതൽ നവംബർ 4 വരെ 80 പ്രവൃത്തി ദിവസങ്ങളിൽ ഒരു കുട്ടിക്ക് ₹10 പ്രകാരം ദിവസം 500 കുട്ടികൾക്ക് പ്രഭാത ഭക്ഷണം നല്കിയ വകയിൽ ശ്രീ. എ കെ ശ്രീധരൻ എന്ന വ്യക്തി ₹ 4,00,000 യും നവംബർ 4 മുതൽ ജനുവരി 31 വരെ 60 പ്രവൃത്തി ദിവസങ്ങളിൽ ഒരു കുട്ടിക്ക് ₹10 പ്രകാരം ദിവസം 500 കുട്ടികൾക്ക് പ്രഭാത ഭക്ഷണം നല്കിയ വകയിൽ മധുസൂദനൻ തങ്ങൾ സ്മാരക ഗവ. യു പി സ്കൂളിലെ പി.ടി.എ. പ്രസിഡന്റ് ₹3,00,000 യും കൈപ്പറ്റിയതിന്റെ രശീതികൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ചെലവുതുക ലഭിക്കുന്നതിനുള്ള ഇവരുടെ അപേക്ഷകളും ബാങ്ക് അക്കൗണ്ടുകളുടെ പകർപ്പും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. മേല്പറഞ്ഞ ഗുണഭോക്താക്കൾക്ക് തുക കൈമാറിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3. കുട്ടികൾക്ക് പ്രഭാതഭക്ഷണം കൊടുക്കുന്നതിനാണ് ₹700000 ചെലവഴിച്ചിട്ടുള്ളത്. ഭക്ഷണം ഏത് രീതിയിലാണ് നൽകിയതെന്ന വിവരങ്ങൾ (സ്കൂളിൽ തന്നെ തയ്യാറാക്കിയത്/പുറമെ നിന്ന് വാങ്ങിയത്) ഫയലിൽ ഇല്ല. ഭക്ഷണ സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4. മേല്പറഞ്ഞ കാലയളവിൽ സ്കൂളിൽ ഹാജരായ കുട്ടികളുടെ കണക്ക് പരിശോധിക്കുന്നതിനായി സ്കൂളിലെ അറ്റൻഡൻസ് രജിസ്റ്ററിന്റെ പകർപ്പ്, പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/21-12-2021) അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പിന്നീട് ഹാജരാക്കാമെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. ആയതിനാൽ ₹7,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 പട്ടിക വർഗ്ഗ വിഭാഗം കിണർ റിപ്പയറിംഗ് - രേഖകൾ ലഭ്യമാക്കിയില്ല ₹ 1,02,263 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| പ്രോജക്റ്റ് നമ്പർ, പേര് | 192/20, പട്ടിക വർഗ്ഗ വിഭാഗം കിണർ റിപ്പയറിംഗ് (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 1,27,000 വികസന ഫണ്ട് - ടി എസ് പി |
| ചെലവ് | ₹ 1,02,263<br>₹27931, 36/19-20, 19.03.20<br>₹21166/-, 11/19-20, 30.04.19<br>₹32000, 5/19-20, 30.04.19<br>₹21166, 27/19-20, 1.2.20 |

പട്ടിക വർഗ്ഗ വിഭാഗക്കാരുടെ കിണർ റിപ്പയറിംഗിനായി തയ്യാറാക്കിയ മേൽ പ്രോജക്റ്റിൽ (സ്പിൽ ഓവർ) 6 ഗുണഭോക്താക്കൾക്ക് കരാർ വെച്ച് പണി തുടങ്ങിയാൽ ₹ 8,000 വീതം മുൻകൂറും പണി പൂർത്തീകരിച്ചാൽ ബാക്കി

തുകയായ ₹13166 യും ചേർത്ത് ആകെ ₹ 21,166 അനുവദിക്കുന്നു. പി എ ബാലകൃഷ്ണൻ, കാർത്ത്യായനി പി, നാരായണി പി, ശ്രീമതി കല്ലേരിക്കര, മാധവി വി, സത്യൻ ഒ എന്നീ ഗുണഭോക്താക്കൾക്കാണ് തുക അനുവദിക്കുന്നത്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.കാർത്ത്യായനി പി, നാരായണി പി, മാധവി വി, എന്നീ ഗുണഭോക്താക്കളുടെ വാലേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ശ്രീമതി മാധവി വി എന്ന ഗുണഭോക്താവ് മുദ്രപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും കരാർ വ്യവസ്ഥകൾ എഴുതി ചേർത്തിട്ടില്ല. കരാർ ഉടമ്പടികളിൽ മെമ്പർ, സെക്രട്ടറി, സാക്ഷികൾ എന്നിവർ ഒപ്പുവച്ചിട്ടില്ല.

3. ശ്രീമതി കല്ലേരിക്കര എന്ന ഗുണഭോക്താവ് 29-03-2019 ന് മുഴുവൻ പ്രവൃത്തിയും പൂർത്തീകരിച്ചതായി എസ് ടി പ്രമോട്ടർ റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഫയൽ വാലേഷൻ സർട്ടിഫിക്കറ്റിനായി അസി. എഞ്ചിനീയർക്ക് കൈമാറിയിരുന്നു. അന്നുതന്നെ സൈറ്റ് പരിശോധിച്ച അസി. എഞ്ചിനീയർ കിണർ റിപ്പയർ പ്രവൃത്തി ഒന്നുംതന്നെ നടത്തിയിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തിരുന്നു. യഥാർത്ഥത്തിൽ പ്രവൃത്തി പൂർത്തീകരിക്കാതെ തെറ്റിദ്ധാരണാപരമായി റിപ്പോർട്ട് സമർപ്പിച്ച എസ് ടി പ്രമോട്ടർക്കെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

4. 36/19-20, തീയതി 19-03-2020 പ്രകാരം പിൻവലിച്ച ₹27,931യുടെ ട്രഷറി ബിൽ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി ₹74,332 യുടെ ട്രഷറി ബില്ലുകളും ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

അപാകങ്ങൾ പരിഹരിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/28.12.2021) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹ 1,02,263 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 വനിതകൾക്കുള്ള സ്വയംതൊഴിൽ സംരംഭം-രേഖകൾ ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| പ്രോജക്ട് നമ്പർ/ പേര് | 188/20, വനിതകൾക്കുള്ള സ്വയംതൊഴിൽ സംരംഭം (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 22,63,000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹ 1,63,000 ബിൽ നമ്പർ/തീയതി : 8/19-20/30-04-2019 |

2019-20 വർഷം വനിതകൾക്കുള്ള സ്വയംതൊഴിൽ സംരംഭം എന്ന സ്പിൽ ഓവർ പ്രോജക്ടിൽ കൈരളി കുടുംബശ്രീയിലെ 7 അംഗങ്ങൾ ചേർന്ന് മട്ടന്നൂർ ജനറൽ ആശുപത്രിക്ക് സമീപം "ഹാപ്പി കിഡ്സ് ഡേ കെയർ സെന്റർ" എന്ന സംരംഭം തുടങ്ങുന്നതിനായി അപേക്ഷ നൽകുകയും 24-01-2019 ലെ സി ഡി എസ് ഭരണസമിതിയുടെ 3-ാം നമ്പർ തീരുമാന പ്രകാരം പ്രോജക്ട്, എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ വികസന ഫണ്ടിൽ നിന്നും ബാക്ക് എൻഡ് സബ്സിഡിയായി ₹1,63,000 രൂപ കോളാരി സർവ്വീസ് സഹകരണ ബാങ്കിന്റെ 67329185753 നമ്പർ എസ് ബി ഐ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ചെയ്തിരുന്നു. പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. അംഗങ്ങളെല്ലാവരും ARISE പദ്ധതിയിലൂടെ വിദഗ്ധ പരിശീലനം നേടുമെന്ന് പ്രോജക്ട് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും പരിശീലനം നേടിയതിന്റെ രേഖകൾ ലഭ്യമല്ല.

2. ഗ്രൂപ്പ് രൂപീകരിച്ച് 6 മാസത്തിനുശേഷമുള്ള ഗ്രേഡിംഗിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

3. സംരംഭത്തിന്റെ നിലവിലെ സ്ഥിതിയും പ്രവർത്തന റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/27-12-2021) കോവിഡ് കാരണം നിർത്തിവെച്ച ARISE പരിശീലനം ജില്ലാ പഞ്ചായത്ത് ആരംഭിക്കുന്ന മുറയ്ക്ക് അംഗങ്ങളെല്ലാവരും പരിശീലനം നേടുമെന്നും അറിവില്ലായ്മ കാരണമാണ് ഗ്രേഡിംഗ്, പ്രവർത്തന റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ തയ്യാറാക്കാത്തതെന്നും അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതും പ്രോജക്ട് രൂപീകരണം, നിർവ്വഹണം എന്നിവ കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-27 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് - മരുന്നും ഉപകരണങ്ങളും മുഴുവനായി ലഭിച്ചില്ല.

2019-20 വർഷം മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നിർവ്വഹണം നടത്തിയ പ്രോജക്ടിൽ മരുന്നും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക മുൻകൂർ നൽകിയിട്ടുണ്ട്. ഇതിൽ ചുവടെ കൊടുത്ത ബില്ലുകളിൽ നാളിതുവരെയായിട്ടും മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര്, ആകെ ചെലവ് തുക | ബിൽ നമ്പർ, തുക (മരുന്ന് ലഭിക്കാൻ ബാക്കിയുള്ളത്) | ഇൻവോയ്സ് നമ്പർ, തുക | ലഭിക്കാൻ ബാക്കിയുള്ള മരുന്നിന്റെ വില |
|---|---|---|---|---|
| 1 | 20/20, മട്ടന്നൂർ സി എച്ച് സി ക്ക് മരുന്ന് ലഭ്യമാക്കൽ/₹982215 | 7/19-20, ₹850000, 23-11-2019 | 1) 9988/20-01-20, ₹42585<br>2) 9991/20-01-20, ₹22883<br>3) 9992/20-01-20, ₹26385<br>4) 11130/20-02-20, ₹80513<br>5) 11189/20-02-20, ₹80513<br>6) 11129/25-02-20, ₹160976<br>7) 11302/28-02-20, ₹14785<br>8) 2702/20-05-20, ₹48413<br>9) 2939/24-05-20, ₹53564<br>10) 4037/13-06-20, ₹107100<br>11) 5258/04-07-20, ₹37421<br>12) 5897/03-08-20, ₹108326<br>13) 4163/29-07-21, ₹13676<br>14) 7094/08-10-21, ₹8866 | ₹43994 |

| | | | | |
|---|---|---|---|---|
| | | 9/19-20, ₹58554, 23-11-2019 | 1) 9982/20-01-20, ₹8796<br>2) 12481/21-03-20, ₹21663<br>3) 5257/04-07-20, ₹5545<br>4) 29360/08-01-21, ₹ 2448<br>5) 4149/28-07-21, ₹4856<br>6) 8804/10-11-21, ₹11554 | ₹ 3692 |

അവശേഷിക്കുന്ന മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (31/29-12-2021) മറുപടി നൽകിയിട്ടില്ല. മരുന്നുകളും ഉപകരണങ്ങളും സമയ ബന്ധിതമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും ലഭിക്കാൻ ബാക്കിയുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-28 പട്ടിക വർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ഫർണിച്ചർ, ലാപ് ടോപ്പ് ലഭ്യമാക്കൽ - ഗുണഭോക്താവിനെ മാറ്റി ലാപ് ടോപ്പ് നൽകി ₹1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| പ്രോജക്ട് നമ്പർ, പേര് | 190/20, പട്ടിക വർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ഫർണിച്ചർ, ലാപ് ടോപ്പ് ലഭ്യമാക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 1,00,000 വികസന ഫണ്ട് – ടി എസ് പി |
| ചെലവ് | ₹ 1,00,000 |
| ബിൽ നമ്പർ, തീയതി | ലഭ്യമല്ല |

2018-19 വർഷം എസ് ടി വിഭാഗം വിദ്യാർത്ഥികൾക്ക് പഠനനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഫർണിച്ചർ, ലാപ് ടോപ്പ് വിതരണം ചെയ്യുന്നതിന് തുക വകയിരുത്തിയത് ചെലവഴിക്കാൻ സാധിക്കാത്തതിനാൽ 2019-20 വർഷം സ്പിൽ ഓവറായി പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിക്കുകയും 8 വിദ്യാർത്ഥികൾക്ക് ഫർണിച്ചറും 2 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പും അനുവദിക്കാനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഫർണിച്ചർ വിതരണത്തിന് 15 അംഗങ്ങൾ ഉൾപ്പെടുന്ന ലിസ്റ്റ് 2018-19 വർഷം തയ്യാറാക്കിയിട്ടുണ്ട്. ലാപ് ടോപ്പ് വിതരണത്തിന് തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് 20/31-01-2019 നമ്പർ തീരുമാനപ്രകാരം കൗൺസിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. നഗരസഭാ കൗൺസിലിന്റെ 05-03-2019 ലെ 4-ാം നമ്പർ തീരുമാനപ്രകാരം 29-01-2019 ന് നടത്തിയ ടെണ്ടറിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത അനു ഏജൻസീസ്, കൂടാളി എന്ന സ്ഥാപന ത്തിന്റെ ടെണ്ടർ സ്വീകരിച്ചു. അതനുസരിച്ച് ഈ സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകാൻ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിനുശേഷം നോട്ട് ഫയലിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

3. 07-03-2019 ന് നൽകിയ സപ്ലൈ ഓർഡറിൽ ഫർണിച്ചറിന്റെ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ല. 8 വീതം മേശയും കസേരയും വാങ്ങാനാണ് പ്രോജക്ട് തയ്യാറാക്കിയതെങ്കിലും അലമാരകൾ ലഭ്യമാക്കാനാണ് സപ്ലൈ ഓർഡറിൽ ആവശ്യപ്പെട്ടിട്ടുള്ളത്. സപ്ലൈ ഓർഡർ പ്രകാരം ലഭ്യമാക്കിയ സാധനങ്ങളുടെ ഒറിജിനൽ ഇൻവോയ്സ് ഫയലിൽ ലഭ്യമല്ലാത്തതിനാൽ ഏതിനം ഫർണിച്ചർ ആണ് ലഭിച്ചതെന്ന് വ്യക്തമായിട്ടില്ല.

4. എസ് ടി പ്രമോട്ടർ ശ്രീമതി.സിജിമോൾ ടി കെ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റുകളിൽ ഫർണിച്ചർ വിതരണത്തിന് 15 വിദ്യാർത്ഥികളും ലാപ് ടോപ്പ് വിതരണത്തിന് ഒരു വിദ്യാർത്ഥിയുമാണ് (ദിവ്യ നാരായണൻ) ഉൾപ്പെട്ടിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റുകളിൽ നഗരസഭാ സെക്രട്ടറി ഒപ്പുവച്ചിട്ടില്ല. ലാപ് ടോപ്പ് വിതരണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾ

സമർപ്പിച്ച അപേക്ഷകൾ ഫയലിൽ ലഭ്യമല്ല.

5. ഫർണിച്ചർ, ലാപ് ടോപ്പ് എന്നിവയുടെ വിതരണവുമായി ബന്ധപ്പെട്ട് സ.ഉ.(കൈ) 22/18/LSGD, തീയതി 14-02-2018 പദ്ധതി മാർഗ്ഗരേഖയിലെ ഖ.7.2.8, ഖ.7.2.9 എന്നിവ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

6. ഫർണിച്ചർ വിതരണവുമായി ബന്ധപ്പെട്ട ഫയലിൽ (ഫയൽ നമ്പർ 707/19/MS, തീയതി 01-12-2018) ദിവ്യ എൻ എന്ന വിദ്യാർത്ഥിനിയുടെ ആധാർ കാർഡിന്റെ കോപ്പി, വരുമാന സർട്ടിഫിക്കറ്റ്, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ കോപ്പി എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ലാപ് ടോപ്പ് വിതരണത്തിന്റെ ഫയലിൽ (ഫയൽ നമ്പർ 708/19) ദിവ്യ നാരായണൻ, ആദിത്യ സി എന്നീ വിദ്യാർത്ഥിനികളുടെ അപേക്ഷകൾ സൂക്ഷിച്ചിട്ടുണ്ട്. തുക അനുവദിക്കുന്നതിനുള്ള ബിൽ 27-03-2018 ന് ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും ഇത് ക്യൂ-ബില്ലായതിനാൽ തുക മാറാൻ സാധിച്ചിട്ടില്ല. എന്നാൽ 2019-20 ൽ ദിവ്യയ്ക്ക് പകരം സഹോദരി കാർത്തിക എൻ എന്ന വിദ്യാർത്ഥിനിയുടെ നിർമലഗിരി കോളേജിൽ നിന്നുള്ള ബിരുദ കോഴ്സിന്റെ കോഴ്സ് & കോൺടക്റ്റ് സർട്ടിഫിക്കറ്റ്, ആധാർ, റേഷൻ കാർഡ്, നേറ്റിവിറ്റി, കമ്മ്യൂണിറ്റി, വരുമാന സർട്ടിഫിക്കറ്റുകൾ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. 2019-20 വർഷത്തെ ഗുണഭോക്താക്കളിൽ ഈ വിദ്യാർത്ഥിനിയെ ഉൾപ്പെടുത്തിയിട്ടില്ല. കൗൺസിൽ, വാർഡ്സഭ തീരുമാനങ്ങളില്ലാതെ ഗുണഭോക്താവിനെ മാറ്റിയതിനും അപേക്ഷിച്ച വിദ്യാർത്ഥിനിക്ക് ലാപ് ടോപ്പ് നൽകാത്തതിനും വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

7. രണ്ട് ഫയലുകളിലും ലാപ് ടോപ്പ് വാങ്ങിയതിന്റെ അസ്സൽ ഇൻവോയ്സ്, സാംഖ്യ ബിൽ, ലാപ് ടോപ്പ് വിതരണം ചെയ്തതിന്റെയും കൈപ്പറ്റിയതിന്റെയും രേഖകൾ, പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സൂക്ഷിച്ചിട്ടില്ല.

മേല്പറഞ്ഞ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/27-12-2021) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 വയോജന പരിപാലന പദ്ധതി -മാർഗ്ഗരേഖാ വിരുദ്ധമായതിനാൽ ₹141,408 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ, പേര് | 24/20, വയോജന പരിപാലന പദ്ധതി |
| അടങ്കൽ | ₹ 4,82,100 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹87,664 ബിൽ നമ്പർ /തീയതി : 8/19-20/3-9-2019<br>₹53,744 ബിൽ നമ്പർ /തീയതി : 27/19-20/18-1-2020<br>ആകെ : ₹1,41,408 |

2019-20 വർഷം ഏപ്രിൽ, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലായി നടത്തിയ വയോമിത്രം ക്യാമ്പുകളിൽ പരിശോധനയ്ക്ക് എത്തിയ വയോജനങ്ങൾക്ക് റിഫ്രഷ് മെന്റ് നല്കുന്നതിനായി മേല്പറഞ്ഞ ബില്ലുകൾ പ്രകാരം വികസന ഫണ്ടിൽ നിന്നും ₹1,41,408 പിൻവലിച്ച് മട്ടന്നൂർ നഗരസഭയുടെ കുടുംബശ്രീ സംരംഭമായ നിറവ് കാറ്ററിംഗ് യൂണിറ്റിന് നല്കിയിട്ടുണ്ട് (നിറവ് കാറ്ററിംഗ് യൂണിറ്റിന്റെ 33/30-08-2019, 36/8-11-2019 നമ്പർ ബില്ലുകൾ - യഥാക്രമം 5496, 3359 പേർക്ക് ചായയും പലഹാരവും നല്കിയ വകയിൽ). രണ്ടു ബില്ലുകളിലും വിദ്യ രേഖ എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്കാണ് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇവർക്ക് പ്രോജക്ട് നിർവ്വഹണത്തിലുള്ള ബന്ധം തെളിയിക്കുന്ന രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല (ആധാർ, ബാങ്ക് അക്കൗണ്ട് പകർപ്പുകൾ, പണം അനുവദിക്കുന്നതിനുള്ള ടിയാരിയുടെ അപേക്ഷ, ബിൽ തുകകൾ കൈപ്പറ്റിയതിന്റെ രശീതുകൾ). സ.ഉ (കൈ) 17/2018 /ത.സ്വ.ഭ.വ, തീയതി 02-02-2018 പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.5, ഖ.7.8.3, സ.ഉ (കൈ) 22/2018/ത.സ്വ.ഭ.വ, തീയതി 14-02-2018 സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.13 എന്നിവ പ്രകാരം അനുവദനീയമല്ലാത്ത ചെലവ് നടത്തിയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/28-12-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹141,408 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 അംഗൻവാടി പോഷകാഹാര വിതരണം -ക്വാട്ട് ചെയ്തതിലും കൂടുതൽ തുക അനുവദിച്ച ₹1404 യുടെ ചെലവ് അംഗീകരിക്കുന്നില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ / പേര് | 16/20, അംഗൻവാടി പോഷകാഹാര വിതരണം |
| അടങ്കൽ | ₹ 55,00,000 (വികസന ഫണ്ട്, ജനറൽ) |
| | ₹ 10,00,000 (മറ്റുള്ളവ) |

| | |
|---|---|
| ആകെ | 65,00,000 |
| ചെലവ്, ബിൽ നമ്പർ, തീയതി | ₹69204, 15/19-20, 30.09.19<br>₹899968, 17/19-20, 30.09.19<br>₹50289, 18/19-20, 30.09.19<br>₹39954, 19/19-20, 30.09.19<br>₹324460, 21/19-20, 9.10.19<br>₹21478, 22/19-20, 5.11.19<br>₹405580, 23/19-20, 5.11.19<br>₹223147, 26/19-20, 18.12.19<br>₹56799, 29/19-20, 13.01.20<br>₹574075, 31/19-20, 17.01.20<br>₹439003, 33/19-20, 18.01.20<br>₹455049, 34/19-20, 18.01.20<br>₹692910, 35/19-20, 12.2.20<br>₹256343, 36/19-20, 12.2.20<br>₹67623, 43/19-20, 18.2.20<br>₹228464, 48/19-20, 12.3.20<br>₹505008, 59/19-20, 30.03.20<br>₹8858, 60/19-20, 30.03.20<br>₹22854, 61/19-20, 30.03.20<br>₹49628, 62/19-20, 30.03.20<br>ആകെ : ₹53,90,694 |

2019-20 വർഷം മട്ടന്നൂർ നഗരസഭയിലെ 43 അംഗൻവാടികളിൽ പോഷകാഹാരം വിതരണം ചെയ്യുന്നതിനായി തയ്യാറാക്കിയ മേൽ പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. മട്ടന്നൂർ നഗരസഭയിലെ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്ന് അരി, പലവ്യഞ്ജനങ്ങളും കീഴല്ലൂർ ഗ്രാമ പഞ്ചായത്തിലെ അനുഗ്രഹ ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും അമൃതം ന്യൂട്രിമിക്സും ഏറ്റെടുത്ത് വിതരണം ചെയ്ത വകയിൽ ശ്രീ ഷനോജ് സി എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 340102010027407, UBI) ക്വട്ടേഷൻ പ്രകാരം നിശ്ചയിച്ച തുക കയറ്റിറക്ക് കൂലിയിനത്തിലും വണ്ടി വാടകയിനത്തിലും അനുവദിച്ചിട്ടുണ്ട്. ഇതിൽ ചില മാസങ്ങളിൽ നിശ്ചയിച്ചതിലും കൂടിയ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ , തീയതി | വിതരണം ചെയ്ത സാധനങ്ങളുടെ അളവ് Kg | തുക (നിശ്ചയിച്ച നിരക്ക്) @ 2.80 | അനുവദിച്ച നിരക്ക് @ 2.85 | അധികം നല്കിയ തുക |
|---|---|---|---|---|---|
| 1 | 26/19-20, 18-12-2019 | 2922 | 8181 | 8327 | 146 |
| 2 | 43/19-20, 18-02-2020 | 14057 | 39360 | 40062 | 702 |
| 3 | 60/19-20, 30-03-2020 | 3108 | 8703 | 8858 | 155 |
| 4 | 61/19-20, 30-03-2020 | 8109 | 22453 | 22854 | 401 |
| | ആകെ | | | | 1404 |

2. ബിൽ നമ്പർ 22/19-20, തീയതി 05-11-2019 പ്രകാരം ₹21,478 പിൻവലിച്ച് ശ്രീ. ഷനോജ് സിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ₹21,478 യുടെ ചെലവിന് അടിസ്ഥാനമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/28-12-2021) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ ₹1404 യുടെ ചെലവ് അംഗീകരിക്കുന്നില്ല. ₹1404 ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-31 ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ പ്രോജക്ടുകൾ - തുടർ സാക്ഷരത - രശീത് ഹാജരാക്കിയില്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവഃ യു.പി. സ്കൂൾ, മട്ടന്നൂർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 153/20, തുടർ വിദ്യാഭ്യാസ പരിപാടി |
| അടങ്കൽ | ₹ 1,00,000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹22,000 ബിൽ നമ്പർ 5/19-20/7-3-2020<br>₹40,500 ബിൽ നമ്പർ 6/19-20/7-3-2020<br>ആകെ : ₹ 62,500 |

മട്ടന്നൂർ നഗരസഭയിലെ തുടർവിദ്യാ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 10-ാം തരം, +1 പഠിതാക്കളുടെ കോഴ്സ് ഫീസ് ജില്ലാ സാക്ഷരത മിഷനിൽ ഒടുക്കുന്നതിനായി ഹെഡ് മാസ്റ്റർ 2019-20 വർഷം നടപ്പിലാക്കിയതിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 10-ാം തരം തുല്യതയുടെ 22 പഠിതാക്കളുടെയും ഹയർ സെക്കന്ററി വിഭാഗത്തിലെ 27 പഠിതാക്കളുടെയും രജിസ്ട്രേഷൻ ഫീസായി കേരള സംസ്ഥാന സാക്ഷരത മിഷന്റെ 57026996123 നമ്പർ എസ് ബി ഐ അക്കൗണ്ടിലേക്ക് ₹22,000 യും, 02880100113107 നമ്പർ യൂക്കോ ബാങ്ക് അക്കൗണ്ടിലേക്ക് ₹40,500 യും (ആകെ ₹ 62,500) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. തുക അക്കൗണ്ടിൽ നിക്ഷേപിച്ചത് സംബന്ധിച്ച് വിശദാംശങ്ങൾ നിർദ്ദിഷ്ട പ്രഫോർമയിൽ തയ്യാറാക്കി പഠിതാക്കളുടെ ലിസ്റ്റ് സഹിതം ഹാജരാക്കിയാൽ തുക കൈപ്പറ്റിയത് സംബന്ധിച്ച് ഒറിജിനൽ രശീതി സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും അനുവദിക്കുന്നതാണെന്ന് ജില്ലാ കോ-ഓർഡിനേറ്റർ 10-03-2020 ലെ കത്തിൽ അറിയിച്ചിരുന്നു. എന്നാൽ രശീതി ഫയലിൽ ലഭ്യമല്ല. സംസ്ഥാന സാക്ഷരത മിഷനിൽ നിന്നുള്ള രശീതി ലഭ്യമാക്കേണ്ടതാണ്.

## 1-32 തുടർ സാക്ഷരത പ്രവർത്തനം ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ₹1,92,197 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവഃ യു.പി. സ്കൂൾ, മട്ടന്നൂർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 180/20, തുടർ സാക്ഷരത പ്രവർത്തനം |
| അടങ്കൽ | ₹ 2,00,000 (വികസന ഫണ്ട്, ജനറൽ)<br>₹ 36,000 (മറ്റുള്ളവ) |
| ആകെ | ₹ 2,36,000 |
| ചെലവ് | ₹ 1,92,197 ബിൽ നമ്പർ : 5/19-20/7-3-2020 |

മട്ടന്നൂർ നഗരസഭയിലെ തുടർവിദ്യാ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 10 ാംതരം, +1 പഠിതാക്കളുടെ കോഴ്സ് ഫീസ് ജില്ലാ സാക്ഷരത മിഷനിൽ ഒടുക്കുന്നതിനായി ഹെഡ് മാസ്റ്റർ 2019-20 വർഷം നടപ്പിലാക്കിയ മേല്പറഞ്ഞ സ്പിൽ ഓവർ പ്രോജക്ടിൽ ₹1,92,197 സുലേഖ ചെലവു പത്രിക പ്രകാരം ചെലവുണ്ട്. എന്നാൽ പ്രോജക്ട് പ്രകാരമുള്ള ചെലവ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടുമായി ബന്ധപ്പെട്ട ചെലവു രേഖകളും കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നുള്ള കൈപ്പറ്റ് രശീതും പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ₹1,92,197 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 എസ്.എസ്.എ. വിഹിതം നൽകിയത്- ആന്വൽ വർക്ക് പ്ലാനും ബഡ്ജറ്റും അനുസരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.യു പി സ്കൂൾ, മട്ടന്നൂർ |
| പ്രോജക്ട് നമ്പർ/പേര് | 77/20, എസ്.എസ്.എ. നഗരസഭ വിഹിതം |
| അടങ്കൽ | ₹15,00,000 വികസന ഫണ്ട്- ജനറൽ |
| ചെലവ് | ₹15,00,000 ബിൽ നമ്പർ/തീയതി : 1/19-20/3-10-2019 |

2019-20 വർഷം മേൽ പ്രോജക്ട് പ്രകാരം മട്ടന്നൂർ ഗവ. യു പി സ്കൂൾ ഹെഡ് മാസ്റ്റർ വികസന ഫണ്ടിൽ നിന്നും ₹15,00,000 പിൻവലിച്ച് എസ്.എസ്.എ. നഗരസഭ വിഹിതം നൽകിയിരുന്നു. തുക പൂർണ്ണമായും

വിനിയോഗിച്ചിട്ടുണ്ടെന്ന് കണ്ണൂർ ജില്ലാ പ്രോജക്ട് ഓഫീസർ എസ്.എസ്.കെ. 30-06-2020ന് സാക്ഷ്യപത്രം അനുവദിച്ചിട്ടുണ്ട്. 2019-20 വർഷത്തെ നഗരസഭയുടെ ഷെയർ കണക്കാക്കുന്നതിന് പരിഗണിച്ച ആനുവൽ വർക്ക് പ്ലാനും ബഡ്ജറ്റും അനുസരിച്ചുള്ള പദ്ധതിയുടെ വിശദമായ ചെലവ് വിശദാംശങ്ങളും വിനിയോഗ സാക്ഷ്യപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. എസ്.എസ്.എ പദ്ധതികൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണസ്ഥാപനം മുഖ്യ പങ്ക് വഹിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2019-20 വർഷത്തേക്ക് എസ്.എസ്.എ ആവിഷ്കരിച്ച പദ്ധതികളിൽ നഗരസഭയുടെ നിർദ്ദേശങ്ങൾ ഒന്നുംതന്നെ പരിഗണിച്ചിട്ടില്ല എന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുമെന്നുമാണ് ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/21-12-2021) മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മേൽപ്പറഞ്ഞ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-34 കൃഷി ഓഫീസ് സൗകര്യം മെച്ചപ്പെടുത്തൽ - ലാപ് ടോപ്,ഫോട്ടോകോപ്പിയർ എന്നിവ ലഭ്യമായിട്ടില്ല ₹83353 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ | |
|---|---|---|
| പ്രോജക്ടിന്റെ നമ്പറും പേരും | 179/20,<br>കൃഷി ഓഫീസ് സൗകര്യം മെച്ചപ്പെടുത്തൽ | 13/20,<br>കൃഷി ഓഫീസ് സാമഗ്രികൾ വാങ്ങൽ |
| അടങ്കൽ | ₹200000<br>(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) | ₹100000<br>(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | ₹199294<br>ബിൽ നം/തീയതി :<br>1/19-20/3-5-2019 | ₹27722<br>ബിൽ നം/തീയതി:<br>18/19-20/20-3-20<br>₹39442<br>ബിൽ നം/തീയതി :<br>16/19-20/18-3-20<br>₹32782<br>ബിൽ നം/തീയതി:<br>17/19-20/18-3-20<br>ആകെ : 99946 |

പ്രൊജക്ട് നമ്പർ 179/20 പ്രകാരം കൃഷി ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങുന്നതിനായി ₹53255 സിഡ്കോ, സൗത്ത് ബസാർ കണ്ണൂർ എന്ന സ്ഥാപനത്തിനും ഡെസ്ക്ടോപ്പ് കംപ്യൂട്ടർ, ലാപ് ടോപ്പ്, ഫോട്ടോകോപ്പിയർ എന്നിവ വാങ്ങുന്നതിനായി യഥാക്രമം ₹41259, ₹49149, ₹55631 (ആകെ₹146039) കെൽട്രോണിൽ നിന്നുള്ള പ്രഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രൊജക്ട് നമ്പർ 13/20 പ്രകാരം ഒരു ലാപ് ടോപ്, രണ്ട് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ എന്നിവ വാങ്ങുന്നതിനായി ₹99946 യും കെൽട്രോണിന് നൽകിയിട്ടുണ്ട്. ഓഡിറ്റിനു ലഭ്യമാക്കിയ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ഫർണിച്ചർ, മൂന്ന് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ എന്നിവ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒരു ലാപ് ടോപ് (പ്രൊജക്ട് നമ്പർ 13/20, ₹27722), ഫോട്ടോകോപ്പിയർ എന്നിവ ലഭ്യമായിട്ടില്ല. ഇൻവോയിസ് പ്രകാരം ആവശ്യപ്പെട്ട സാധനങ്ങൾ നാളിതുവരെയായും ലഭ്യമാവാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 30 തീയതി 28-12-21) ലഭ്യമാക്കിയ മറുപടിയിൽ ഫോട്ടോകോപ്പിയറിന്റെ വില ഇൻവോയിസിലുള്ള തുകയിലും അധികമായതിനാലാണ് കെൽട്രോണിൽ നിന്നും ലഭ്യമാവാതിരുന്നത് എന്നറിയിച്ചിട്ടുണ്ട്. പ്രോജക്ട് നമ്പർ 179/20 പ്രകാരം ചെലവഴിച്ച 199294/- രൂപയിൽ 143663/- രൂപയുടെ സാധനങ്ങളും പ്രോജക്ട് 13/20 പ്രകാരം ചെലവഴിച്ച 99946/- രൂപയിൽ 72224/- രൂപയുടെ ഉപകരണങ്ങളുമാണ് ലഭ്യമാക്കിയിട്ടുള്ളത്. ലാപ് ടോപ്, ഫോട്ടോകോപ്പിയർ എന്നിവ ലഭ്യമാകാത്തതിനാൽ ₹83353 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 നിർവഹണ ഉദ്യോഗസ്ഥർക്കുള്ള യാത്രയയപ്പ് യോഗം - മുനിസിപ്പൽ ഫണ്ടിൽ നിന്നുള്ള ₹9000 യുടെ ചെലവ് അംഗീകരിക്കുന്നില്ല.

വൗച്ചർ നമ്പർ/തീയതി: 9-4/19, 09-04-2019

ചെലവു തുക :₹9,000

മട്ടന്നൂർ ഗവ. യു.പി, പഴശ്ശി എൽ.പി എന്നീ സ്കൂളുകളിലെ പ്രധാന അദ്ധ്യാപകരും, നിർവഹണ ഉദ്യോഗസ്ഥരുമായ ശ്രീ.അംബുജാക്ഷൻ മാസ്റ്റർ, ശ്രീ. നാരായണൻ മാസ്റ്റർ, എന്നിവർക്ക് 25-03-2019ന് നഗരസഭ നല്കിയ യാത്രയയപ്പ് യോഗത്തിൽ ഭക്ഷണം നല്കിയ വകയിൽ മേൽ വൗച്ചർ പ്രകാരം ₹9,000ശ്രീ.ബിനീഷ്. പി, മന്ദാരം, നെല്ലുന്നി എന്ന വ്യക്തിക്ക് നല്കിയിട്ടുണ്ട്. 1994ലെ കേരള മുനിസിപ്പൽ ആക്ടിലെ ഒന്നാം പട്ടിക പ്രകാരമുള്ള അനിവാര്യ ചുമതലയിലോ, പൊതുവായ ചുമതലയിലോ, മേഖലാപരമായ ചുമതലയിലോ മേല്പറഞ്ഞ ഇനം ഉൾപ്പെടുന്നില്ല. നിർവഹണ ഉദ്യോഗസ്ഥർക്ക് യാത്രയയപ്പ് യോഗം സംഘടിപ്പിച്ചതിന് മുനിസിപ്പൽ ഫണ്ടിൽ നിന്ന് ചെലവഴിച്ച ₹9000 ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ₹9,000 മുനിസിപ്പൽ ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 നിർവഹണ ഉദ്യോഗസ്ഥർക്കുള്ള യാത്രയയപ്പ് യോഗം - മുനിസിപ്പൽ ഫണ്ടിൽ നിന്നുള്ള ₹9000 യുടെ ചെലവ് അംഗീകരിക്കുന്നില്ല.

വൗച്ചർ നമ്പർ/തീയതി: 9-4/19, 09-04-2019

ചെലവു തുക :₹9,000

മട്ടന്നൂർഗവ. യു.പി, പഴശ്ശി എൽ.പി എന്നീ സ്കൂളുകളിലെ പ്രധാന അദ്ധ്യാപകരും, നിർവഹണ ഉദ്യോഗസ്ഥരുമായ ശ്രീ.അംബുജാക്ഷൻ മാസ്റ്റർ, ശ്രീ. നാരായണൻ മാസ്റ്റർ, എന്നിവർക്ക് 25-03-2019ന് നഗരസഭ നല്കിയ യാത്രയയപ്പ് യോഗത്തിൽ ഭക്ഷണം നല്കിയ വകയിൽ മേൽ വൗച്ചർ പ്രകാരം ₹9,000ശ്രീ.ബിനീഷ്. പി, മന്ദാരം, നെല്ലുന്നി എന്ന വ്യക്തിക്ക് നല്കിയിട്ടുണ്ട്. 1994ലെ കേരള മുനിസിപ്പൽ ആക്ടിലെ ഒന്നാം പട്ടിക പ്രകാരമുള്ള അനിവാര്യ ചുമതലയിലോ, പൊതുവായ ചുമതലയിലോ, മേഖലാപരമായ ചുമതലയിലോ മേല്പറഞ്ഞ ഇനം ഉൾപ്പെടുന്നില്ല. നിർവഹണ ഉദ്യോഗസ്ഥർക്ക് യാത്രയയപ്പ് യോഗം സംഘടിപ്പിച്ചതിന് മുനിസിപ്പൽ ഫണ്ടിൽ നിന്ന് ചെലവഴിച്ച ₹9000 ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ₹9,000മുനിസിപ്പൽ ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ / തീയ്യതി |
|---|---|---|
| 2019-20 | 18-12-2021, 20-12-2021 | നം.കെ.എസ്.എ./കെ.എൻ.ആർ./സി.15/41/2022<br>തീയതി: 11.05.2022 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ/ പ്രവൃത്തിയുടെ | ബിൽ നമ്പർ/ വൗച്ചർ നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | പേര് | | | | | |
| കേരള വാട്ടർ അതോറിറ്റി | 311/20 പഴശ്ശി ഇടവേലി റോഡ് പൈപ്പ് ലൈൻ | 190/18-12/2019 | 2,00,000 | - | പൂർത്തിയായിട്ടില്ല | - |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം മുനിസിപ്പാലിറ്റിക്ക് വായ്പയിനത്തിൽ ₹1,00,00,000 വരവുണ്ട്. മുൻബാക്കി ₹5,98,38,084യടക്കം ₹6,98,38,084 യിൽ ₹ 86,84,619 തിരിച്ചടച്ചിട്ടുണ്ട്. തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പാ തുക ₹ | വർഷാരംഭ ത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം KURDFC ലോൺ | GO.147/2009/ ത.സ്വ.ഭ.വ/ 29-7-2009 | 3,93,36,119 | 2,08,46,918 | 4905164 | | 15941754 |
| ഇ.എം.എസ് ഭവന പദ്ധതി | GO.1322/2010/ ത.സ്വ.ഭ.വ/ 16-4-2010 | 1,84,07,500 | 47,91,166 | 739455 | | 4051711 |
| പി.എം.എ.വൈ KURDFC ലോൺ | ഉത്തരവ് ലഭ്യമാക്കിയിട്ടില്ല | 3,42,00,000 | 4,42,00,000 (3,42,00,000 + 1,00,00,000 ) | 30,40,000 * | | 4,11,60,000 |
| | തൻവർഷം ലഭിച്ചത് | 1,00,00,000 | | | | |
| ആകെ | | | | 86,84,619 | | 6,11,53,465 |

* ജി.ഒ പ്രോജക്ട് പ്രകാരം തൻവർഷം തിരിച്ചടച്ച പി.എം.എ.വൈ KURDFC ലോൺ തുകയായ ₹30,40,000 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടാത്തതിനാലാണ് B-5 ഷെഡ്യൂൾ പ്രകാരം വായ്പ തിരിച്ചടക്കാൻ ബാക്കി ₹6,41,93,465 എന്നുള്ളത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 57,30,743 |
| തൻവർഷം നിക്ഷേപിച്ചത് | 171657 |
| ആകെ | 5902400 |
| തൻവർഷം പിൻവലിച്ചത് | Nil |
| വർഷാവസാനം നീക്കിയിരിപ്പ് | 5902400 |

| ക്രമ നമ്പർ | സ്ഥിര നിക്ഷേപത്തിന്റെ വിവരം | കാലാവധി | തുക |
|---|---|---|---|
| 1 | കൊളാരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് FD നമ്പർ 26/2010-11/17-5-2019 | 16-5-2020 | 2252345 |
| 2 | യൂനിയൻ ബാങ്ക് FD നമ്പർ 534417/1-9-2019 | 1-9-2020 | 3129055 |
| 3 | ക്ലീൻ കേരള മിഷൻ ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 033/26-5-2014, 500 എണ്ണം @ ₹1000 | _ | 500000 |
| 4 | ഷെയർ സർട്ടിഫിക്കറ്റ് | - | 16000 |
| 5 | ഷെയർ സർട്ടിഫിക്കറ്റ് | - | 5000 |
| | ആകെ | | 5902400 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മുനിസിപ്പാലിറ്റിയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 5 | 2004-05 | 4/11-13 | രേഖയില്ല. കാലിത്തീറ്റ വിതരണത്തിൽ ക്രമക്കേട് | തുടരുന്നു |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 209874769 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 229975099 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 10404 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 2104474 |

ബി. മുനിസിപ്പാലിറ്റയുടെ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-30 | - | 1404 | ശ്രീമതി. ജിസ്മി അഗസ്റ്റിൻ, ICDS സൂപ്പർവൈസർ |
| 3-1 | - | 9000 | ശ്രീ. സുരേശൻ. എം. സെക്രട്ടറി |
| ആകെ | - | 10404 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-23 | 785253 | ശ്രീ. സുരേശൻ. എം., സെക്രട്ടറി |
| 1-24 | 700000 | ശ്രീ. ശശിധരൻ. എൻ. പി. ഹെഡ് മാസ്റ്റർ ജി.യു.പി.എസ് |
| 1-25 | 102263 | ശ്രീ. കെ. പി. രമേശ് ബാബു<br>പ്രൊജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| 1-28 | 100000 | ശ്രീ. കെ. പി. രമേശ് ബാബു<br>പ്രൊജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| 1-29 | 141408 | ശ്രീമതി. ശ്രുതി. ഇ. കെ. ICDS സൂപ്പർവൈസർ (87664)<br>ശ്രീമതി. ജിസ്മി അഗസ്റ്റിൻ, ICDS സൂപ്പർവൈസർ (53744) |
| 1-32 | 192197 | ശ്രീ. ശശിധരൻ. എൻ. പി. ഹെഡ് മാസ്റ്റർ ജി.യു.പി.എസ് |
| 1-34 | 83353 | ശ്രീ. കൃഷ്ണപ്രസാദ്. ടി, കൃഷി ഓഫീസർ |
| ആകെ | 2104474 | |

സി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി നും തടസ്സത്തിനും ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം

| നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദിയായ ആളുടെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുരേശൻ. എം. സെക്രട്ടറി | അഡി. പ്രൈവറ്റ് സെക്രട്ടറി,<br>ത.സ്വ.ഭ.വ മന്ത്രി | മാപ്പുരക്കൽ ഹൗസ്, കീഴല്ലൂർ |
| ശ്രീ. ശശിധരൻ. എൻ. പി.<br>ഹെഡ് മാസ്റ്റർ ജി.യു.പി.എസ് | ഹെഡ് മാസ്റ്റർ ജി.യു.പി.എസ് മട്ടന്നൂർ | അനുഗ്രഹ<br>തെരൂർ പാലയോട്,<br>എളമ്പാറ |

| | | |
|---|---|---|
| ശ്രീ. കെ. പി. രമേശ് ബാബു<br>പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ, മട്ടന്നൂർ മുനിസിപ്പാലിറ്റി | ടി. പി. ഹൗസ്<br>മാവിലേരി, ചെണ്ടയാട് പി.ഒ |
| ശ്രീമതി. ശ്രുതി. ഇ. കെ.<br>ICDS സൂപ്പർവൈസർ | വിവരം ലഭ്യമായിട്ടില്ല | ഇരട്ടക്കുളങ്ങര ഹൗസ്<br>നീലേശ്വരം പി ഒ,<br>ഓമശ്ശേരി, കോഴിക്കോട് |
| ശ്രീമതി. ജിസ്മി അഗസ്റ്റിൻ,<br>ICDS സൂപ്പർവൈസർ | വിവരം ലഭ്യമായിട്ടില്ല | പുതിയടത്ത് താഴത്ത് ഹൗസ്<br>ഉളിക്കൽ |
| ശ്രീ. കൃഷ്ണപ്രസാദ്. ടി,<br>കൃഷി ഓഫീസർ | വിവരം ലഭ്യമായിട്ടില്ല | വിവരം ലഭ്യമായിട്ടില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 തനത് ഫണ്ട് | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(2) /23-11-2011 | 3 |
| 1997-98 പദ്ധതി വിഹിതം | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(1) /23-11-2011 | 12 |
| 1998-99 തനത് ഫണ്ട് | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(4) /23-11-2011 | 11 |
| 1998-99 പദ്ധതി വിഹിതം | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(3) /23-11-2011 | 11 |
| 1999-00 തനത് ഫണ്ട് | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(6) /23-11-2011 | 10 |
| 1999-00 പദ്ധതി വിഹിതം | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(5) /23-11-2011 | 3 |
| 2000-01 പദ്ധതി വിഹിതം | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(7) /23-11-2011 | 17 |
| 2000-01 തനത് ഫണ്ട് | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(8) /23-11-2011 | 1 |
| 2001-02 തനത് ഫണ്ട് | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(10) /23-11-2011 | 10 |
| 2001-02 പദ്ധതി വിഹിതം | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(9) /23-11-2011 | 7 |
| 2002-03 | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(11) /23-11-2011 | 4 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(12)/23-11-2011 | 7 |
| 2004-05 | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(13)/23-11-2011 | 13 |
| 2005-06 | എൽ.എഫ്/കെ.എൻ.ആർ/ബി.1/1808/11(14)/23-11-2011 | 11 |
| 2006-07 | എൽ.എഫ്/കെ.എൻ.ആർ/ബി.3/490/13/16-5-2013 | 15 |
| 2007-08 | എൽ.എഫ്/കെ.എൻ.ആർ/ബി.3/1927/13/16-5-2013 | 25 |
| 2008-09 | എൽ.എഫ്/കെ.എൻ.ആർ/ബി.3/1371/13/4-1-2014 | 29 |
| 2009-10 | | |
| 2010-11<br>2011-12 | എൽ.എഫ്/കെ.എൻ.ആർ/ബി.3/146/15/29-7-2015 | 47 |
| 2012-13<br>2013-14<br>2014-15 | എൽ.എഫ്/കെ.എൻ.ആർ/ബി.3/2059/16/29-2-2016 | 31 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ബി.2/178/17/10-2-2017 | 8 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.13/1806/17/27-11-2017 | 18 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.16/126/19/14-3-2019 | 12 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.16/1789/19/22-1-2020 | 36 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## RECEIPT AND PAYMENT STATEMENT OF MATTANUR MUNICIPALITY FOR THE PERIOD FROM 1-4-2019 TO 31-3-2020

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 71133065.51<br>791149 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 3648831 |
| 120000000 | Assigned Revenues & Compensation | RP-2 | (2000) |
| 130000000 | Rental Income From Municipal Properties | RP-3 | 307250 |
| 140000000 | Fees & User Charges | RP-4 | 6572239 |
| 150000000 | Sale & Hire Charges | RP-5 | 1519273 |
| 160000000 | Revenue Grants, Contributions & Subsides | RP-6 | 131692470 |
| 170000000 | Income from Investments | RP-7 | 2100 |
| 171000000 | Interest Earned | RP-8 | 461551 |
| 180000000 | Other Income | RP-9 | 15042 |
| 431000000 | Sundry Debtors (Receivables) | RP-37 | 25989499 |
| Non operating | | | |
| 311000000 | Earmarked Fund | RP-22 | 6038987 |
| 320000000 | Grants Contribution for Specific Purposes | RP-24 | 11624856 |
| 330000000 | Secured Loans | RP-25 | 10000000 |
| 340000000 | Deposits Received | RP-27 | 5003067 |
| 350000000 | Other Liabilities | RP-29 | 6989604 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-41 | 12000 |
| Grand Total | | | 281798983.51 |
| Payments | | | |
| Operating | | | |
| 210000000 | Establishment Expenses | RP-10 | 14668479 |
| 220000000 | Administrative Expenses | RP-11 | 4110768 |
| 230000000 | Operations & Maintenance | RP-12 | 5152217 |
| 240000000 | Interest & Finance Charges | RP-13 | 2115231 |
| 250000000 | Program Expenses | RP-14 | 59427242 |
| 251000000 | Decentralised Plan Programme-Service Sector | RP-45 | 16520290 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-46 | 17685585 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-47 | 2477801 |
| 260000000 | Revenue Grants, Contributions & Subsides | RP-15 | 839269 |
| 350000000 | Other Liabilities | RP-29 | 11228712 |
| Non Operating | | | |
| 280000000 | Prior Period Item | RP-19 | 23644 |
| 311000000 | Earmarked Funds | RP-22 | 1827472 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 3747311 |
| 330000000 | Secured Loans | RP-25 | 4905164 |
| 340000000 | Deposits Received | RP-27 | 1787941 |
| 350000000 | Other Liabilities | RP-29 | 21433946 |
| 410000000 | Fixed Assets | RP-31 | 54577638 |
| 412000000 | Capital Work in Progress | RP-33 | 6923189 |
| 460000000 | Loans, Advances and Deposits | RP-41 | 523200 |

| | | | |
|---|---|---|---|
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 51822634.51<br>1250 |
| Grand Total | | | 281798983.51 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം 4

## INCOME AND EXPENDITURE STATEMENT OF MATTANUR MUNICIPALITY FOR THE PERIOD FROM 1-4-2019 TO 31-3-2020

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 19556824 |
| 120000000 | Asigned Revenues & Compensation | I-2 | -2000 |
| 130000000 | Rental Income from Municipal Properties | I-3 | 10788926 |
| 140000000 | Fees & User Charges | I-4(b) | 8585504 |
| 150000000 | Sale & Hire Charges | I-5(b) | 1519353 |
| 160000000 | Revenue Grants, Contributions & Subsidies | I-6 | 184266822 |
| 170000000 | Income From Investments | I-7 | 173757 |
| 171000000 | Interest Earned | I-8 | 461528 |
| 180000000 | Other Income | I-9 | 127253 |
| A | Total Income | | 225477967 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 35865766 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | I-11(b) | 4357563 |
| 230000000 | Operations & Maintenance | I-12(b) | 5216167 |
| 240000000 | Interest & Finance Charges | I-13 | 2115231 |
| 250000000 | Programme Expenses | I-14 | 96836736 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 16520290 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 17685585 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14 | 2413851 |
| 260000000 | Grants, Contributions &Compensations from Own Fund | I-15 | 839269 |
| B | Total Expenditure | | 181850458 |
| C=A-B | Gross Surplus / Defict Income over Expenditure | | 43627509 |
| D= 280000000 | Prior Period Item | I-18 | 20181326 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 23446183 |
| | Net Balance being Surplus/Defict carried over to Balance Sheet (Municipal Fund) | | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം 5

## BALANCE SHEET OF MATTANUR MUNICIPALITY AS ON 31-3-2020

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |

| | | | |
|---|---|---|---|
| 310000000 | Municipal (General) Fund [ Code No 310 ] | B-1 | 165088240.37 |
| 311000000 | Earmarked Funds | B-2 | 904874 |
| 312000000 | Reserves | B-3 | 191829522 |
| | Total Reserve & Surplus | | 357822636.37 |
| | Grants, Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 38366706 |
| | Total Grants,Contribution for specific purposes | | 38366706 |
| | Loans | | |
| 330000000 | Secured Loans | B-5 | 64193465 |
| | Total Loans | | 64193465 |
| | Current Liabilities and Provision s | | |
| 340000000 | Deposits Received | B-7 | 56560180 |
| 350000000 | Other Liabilities | B-9 | 7824879.74 |
| | Total Current Liabilities and Provisions | | 64385059.74 |
| | TOTAL LIABILITIES | | 524767867.11 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 406603331 |
| 411000000 | Accumulated Depreciation | B-11 | -14916313 |
| 412000000 | Capital Work In Progress | B-11 | 43122107 |
| | Total Fixed Assets | | 434809125 |
| | Investments | | |
| 420000000 | Investments General | B-12 | 5902400 |
| | Total Investments | | 5902400 |
| | Current Assets,Loans and Advances | | |

| | | | |
|---|---|---|---|
| 430000000 | Stock in hand | B-14 | 62645 |
| 431000000 | Sundry Debtors (Receivables) | B-15 | 16057153 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | -1229846 |
| 450000000 | Cash and Bank balance | B-17 | 51823884.51 |
| 460000000 | Loans, Advances and Deposits | B-18 | 17269850 |
| | Total Current Assets, Loans and Advances | | 83983687 |
| | Assets | | |
| 470000000 | Other Assets | B-19 | 72655 |
| 480000000 | Miscellaneous Expenditure | B-20 | 0 |
| | Total Micellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം